ചെറിയ കാര്യങ്ങളുടെ പ്രസക്തി


# ലിറ്റിൽ മാസിക

ലക്കം 134


2012 ജനുവരി



പ്രായമായ മാതാപിതാക്ക
എന്തുചെയ്യും?






**കുട്ടികളെ രോഗികളാ ക്കണോ?.**

അക്ഷരാഭ്യാസമില്ലാത്ത, ഏഴാം ക്ലാസിനപ്പുറം വിദ്യാഭ്യാസമില്ലാത്ത ഗ്രാമീണരെ പ്രായ-ലിംഗ ഭേദമന്യേ പരിശീലിപ്പിച്ച് അവരുടെ നിത്യജീവിതത്തിൽ ആവശ്യമായ അധ്യാപകർ, ഡോക്ടർമാർ, മിഡ്‌വൈഫുമാർ, നഴ്സുമാർ, ഡന്റിസ്റ്റ്, പാത്തോളജിസ്റ്റ്, സോളാർ എഞ്ചിനീയർമാർ, കുഴൽക്കിണർ മെക്കാനിക്കുകൾ, വാസ്തുശില്പികൾ, ഡിസൈനർമാർ, ടെലിഫോൺ ഓപ്പറേറ്റർ, പടവ് പണിക്കാർ, ആശാരിമാർ, കൊല്ലൻമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ്, അക്കൗണ്ടന്റ് മാർ.... എന്നിങ്ങനെ വൈദഗ്ധ്യമുള്ളവരാക്കിമാറ്റുന്ന ഒരു ഗ്രാമീണ സർവ്വകലാശാല

**ബെയർഫൂട്ട് കോളേജിനെക്കുറിച്ച്..**




ലിറ്റിൽ മാസിക

Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334



ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി


കവർ പെയിന്റിംഗ്-
എഡ്വർഡ് മഞ്ച്.


**ലക്കം**
**134**



**Copy left**

*അറിയപ്പെടാത്ത, എഴുതപ്പെടാത്ത ജീവിതാനുഭവങ്ങൾ അത് ഏറ്റവും ചെറിയ ജീവിതത്തെക്കുറിച്ചുമാവാം, ഏറ്റവും സാധാരണ ജീവിതാനുഭവത്തെക്കുറിച്ചുമാവാം. ഏത് ചെറിയ കാര്യവും മാസികയ്ക്ക് പ്രധാനമാണ്.*




മൊഴിയാഴങ്ങൾ/ **ഷൗക്കത്ത്**



## അടുത്തിരിക്കുന്നതും അകന്നിരിക്കുന്നതും നന്നല്ല.

അടുക്കുംതോറും അകലുകയും അകലുമ്പോൾ അടുക്കുകയും ചെയ്യുന്ന പ്രകൃതം മനുഷ്യസഹജമാണ്. ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കുന്നവർക്ക് മനുഷ്യരെയും മനുഷ്യബന്ധങ്ങളെയും അതിഭാവുകത്വത്തോടെ കാണാനാവില്ല. എല്ലാതരത്തിലുമുള്ള വൈകാരികതകളുടെയും ഇരിപ്പിടമാണ് മനുഷ്യൻ. സന്ദർഭാനുസൃതമായി ഉണർന്നുവരുന്നതാണ് മനുഷ്യപ്രകൃതങ്ങൾ. ഇത്രയുമറിയാനായാൽ അമിതപ്രതീക്ഷകളോടെ മനുഷ്യനെ സ്വീകരിക്കുന്ന മനോഭാവത്തിന് അയവുവരും. ആരോഗ്യപരമായ ഒരകലം വ്യക്തിബന്ധങ്ങൾക്കിടയിൽ സ്വാഭാവികമായി സംഭവിക്കും. ബോധപൂർവ്വം സൃഷ്ടിക്കുന്ന അകലമല്ലത്; പ്രതീക്ഷകൾ കുറഞ്ഞിരിക്കുന്നവരുടെ സ്നേഹമസൃണമായ അവസ്ഥയാണത്. കൂടുതൽ സ്വാതന്ത്ര്യവും ആദരവും നിറഞ്ഞ ബന്ധങ്ങൾ സുദൃഢമായിത്തീരുക ഈ അകലമുള്ളിടത്തുമാത്രമാണ്.

## സാധാരണക്കാരുടെ *ശബ്ദം*




*എഴുത്തുകാരൻ തന്റെ കൃതികളിലൂടെ ആവിഷ്കാരങ്ങൾ നടത്തുമ്പോൾ സ്വന്തം ജീവിതം കൊണ്ട് മഹത്തായ ആവിഷ്കാരങ്ങൾ നിർവഹിക്കാൻ പ്രപഞ്ചത്തിലെ ഏറ്റവും നിസ്സാരമായ ജീവിക്കും കഴിയും. പുസ്തകത്താളിൽ എഴുതുന്നതിനേക്കാൾ മഹത്തമുള്ള രചനകൾ ജീവിതം കൊണ്ട് എഴുതുന്ന സാധാരണക്കാരെക്കുറിച്ച് എഴുതുക...*



**ഞാൻ** നിങ്ങൾക്കൊരു രക്ഷ കെട്ടിത്തരാം. നിങ്ങൾ സംശയഗ്രസ്ഥനാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരു കവിയുമ്പോഴോ ഈ ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി. നിങ്ങൾ കിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാൻ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊ് അയാൾക്ക് എന്തെങ്കിലും നേട്ടമുാകുമോ? അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും നിയന്ത്രണമുാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ഭൗതികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിനാളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ? അപ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.

**-ഗാന്ധിജി**



# താലന്തുകൾ

ബോബി ജോസ് കട്ടികാട്

*ഒരിത്തിരി മണ്ണിനും ഒരു കൈക്കുടന്ന വെള്ളത്തിനും നിങ്ങളെ സഹായിക്കാനായേക്കും.*


**താൻ കടന്നുപോകുന്ന** പ്രതിസന്ധികളെക്കുറിച്ച് ദീർഘനേരം പങ്കുവെച്ച് പിന്നെ എന്തെങ്കിലും ഒരു മാർഗ്ഗനിർദേശം പ്രതീക്ഷിച്ച് നിശ്ശബ്ദനായിരിക്കുന്ന ചങ്ങാതിയോട് ഒന്നും പറയാനില്ലെന്ന് പരുങ്ങലോടെ ഏറ്റുപറഞ്ഞപ്പോൾ അതവനെ നിരാശപ്പെടുത്തി എന്നുതന്നെ ഞാൻ കരുതി. എന്നാൽ, അവൻ പറഞ്ഞു: നീയൊന്നും പറഞ്ഞില്ലെങ്കിലെന്ത്- നീ നല്ലൊരു കേൾവിക്കാരനാണ്! എടുത്തുപറയാനായി യാതൊരു പ്രത്യേകതകളുമില്ലാത്ത എല്ലാത്തിലും ശരാശരിയിൽ താഴെ നിൽക്കുന്ന ഒരാളുടെ ജീവിതത്തിലെ ഏക പൊൻനാണയം ഉയർത്തിക്കാട്ടുകയായിരുന്നു എന്റെ ചങ്ങാതി. ശ്രദ്ധയാണ് എന്റെ താലന്ത്. വിരലുകൾ കൊണ്ട് താളം പിടിക്കാതെ ഒരു കച്ചേരി കേൾക്കാനായേക്കും എനിക്ക്. ഒന്നു മൂളുകപോലും ചെയ്യാതെ മണിക്കൂറുകളോളം അവളെ കേൾക്കാനുമായേക്കും. തീരെ ചെറുപ്പത്തിലേ അത് എന്നോടൊപ്പം ഉണ്ടായിരുന്നിരിക്കാം. അല്ലെങ്കിൽ കുട്ടിക്കാലങ്ങളിൽ കണ്ണുംപൂട്ടി മഴയെ കേട്ടതെന്തിനാണ്?

പ്രൈമറി ക്ലാസ്സിലെ കുട്ടികളുടെ കലാപരിപാടിക്ക് വേണ്ടി നടൻമാരെ കണ്ടെത്തുന്ന ദിവസമായിരുന്നു അത്. കുഞ്ഞ് അമ്മയോട് പറഞ്ഞു; എനിക്ക് നാടകത്തിൽ പങ്കുചേരണമെന്നുണ്ട്. അവൻ തിരഞ്ഞെടുക്കപ്പെടില്ല എന്ന മനസ്സിലാക്കാനുള്ള വിവേകം അമ്മയ്ക്കുണ്ട്. എന്റെ സാധാരണക്കാരനായ കുഞ്ഞ്. എന്നിട്ട് അത്തരം അനുഭവങ്ങളെ താങ്ങാൻ കുഞ്ഞിനെ ബലപ്പെടുത്തണമെന്ന് അമ്മ ഈശ്വരനോട് പ്രാർത്ഥിച്ചു. പൊട്ടിച്ചിരിയോടെയാണ് കുട്ടി സന്ധ്യയ്ക്ക് മടങ്ങിയെത്തിയത്. അമ്മേ, ടീച്ചർ എന്നെ തിരഞ്ഞെടുത്തു. ഓരോ രംഗവും തീരുമ്പം ഉറക്കെ കൈകൊട്ടാനായി. ഇത്രയും നല്ലതായി ആരും കൈകൊട്ടിയിട്ടില്ല എന്നും പറഞ്ഞു!

അഗാധങ്ങളിലെവിടെയോ മറഞ്ഞുകിടക്കുന്ന നിങ്ങളുടെ ഒരു സാധ്യതയായി ഈ താലന്തിനെ കണ്ടെത്തുകയാണ് മറ്റൊരു ചുവട്. എല്ലാ വയലിനു താഴെയും നിധിയുണ്ട്. മേൽത്തട്ടുമാത്രം കിളച്ചുപോകുമ്പോൾ നാമതിനെ കണ്ടെത്തുന്നില്ല എന്നുമാത്രം. എല്ലാ പുഴുവിനുള്ളിലും പൂമ്പാറ്റയുണ്ട്. എന്നിട്ടും എത്രയോ കുറച്ചുപേരാണ് തങ്ങളുടെ ചിറകുകളെ കണ്ടെത്തുന്നത്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള പിരമിഡുകൾ പരിശോധിച്ച സംഘം അതിനുള്ളിൽ മൃതശരീരത്തോടൊപ്പം കണ്ടെത്തിയ ധാന്യമണികളിൽ നിന്ന് കുറച്ചെടുത്ത് ഈറൻമണ്ണിൽ വിതറി. അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഭൂമിയിലെ ഏറ്റവും നല്ല കാഴ്ചയുണ്ടായി- തളിരിലകൾ. ചില താലന്തുകൾ അങ്ങനെയാണ്, തിരിച്ചറിയുകയോ പൂർത്തിയാക്കുകയോ ചെയ്യാതെ നിങ്ങളോടൊപ്പം മൃതമായി.... ഒരിത്തിരി മണ്ണിനും ഒരു കൈക്കുടന്ന വെള്ളത്തിനും നിങ്ങളെ സഹായിക്കാനായേക്കും. കടശിലയോളം പരുക്കരായ ചില മനുഷ്യർ സ്നേഹാർദ്രമായ ചില നോട്ടങ്ങൾക്കു മുന്നിൽ മെഴുകുപോൽ ഉരുകുന്നത് കണ്ണുകൊണ്ടുതന്നെ കാണണം.

## *ഡിസംബർ ലക്കം കവർ ചിത്രം ഓർമ്മിപ്പിച്ചത്...*

സി.പി. സുരേഷ് ബാബു



**ആമ:**

വർത്തമാനകാല ജാഗ്രതയാണ്
ഞാൻ .ഇവിടെ ഇപ്പോൾ ഈ
നിമിഷം അത് മാത്രമാണ് ഞാൻ.
പാതയോരം ചേർന്നു നിന്ന്
പാതയായ് മാറി പാതയായ്
തീരാൻ എനിക്കിഷ്ടം..
മൃഗയോട്ടങ്ങൾ
എന്നെ ഭ്രമിപ്പിക്കാറില്ല .കാരണം
കാലത്തിന്റെ ഭ്രമണത്തിൽ
പ്രണവത്തിന്റെ
ശ്രുതിയാണ് ഞാൻ മീട്ടുന്നത്.
വാഴ്‌വിന്റെ
ദീപസ്തംഭം താങ്ങിയ എന്റെ
കല്ലുടലിൽ എനിക്കെപ്പോഴും
വീണിടം വിഷ്ണുലോകം.
(പാലാഴിമഥനത്തിൽ നിലതെറ്റി
ആഴ്ന്നുപോയ മന്ദര
പർവ്വതത്തിന്
താങ്ങായത് എന്റെ കല്ലുടലല്ലേ?)

**മുയൽ:**

കാലത്തിന്റെ കുഞ്ഞിച്ചിറകിൽ
ആമ താണ്ടുന്ന ദൂരങ്ങൾ
ഞാൻ പഠിച്ച ചരിത്രപുസ്തക-
താളുകളിലില്ലായിരുന്നു
ഞാൻ ചരിത്രത്തിന്റെ ഭക്തനാ
യിരുന്നു- ഇത് എന്റെ പിഴ! എന്റെ
പിഴ! ഏറ്റവും വലിയ പിഴ!!


---

## എഡിറ്റോറിയൽ പോളിസി



**ലിറ്റിൽ** മാസിക കോപ്പിലെഫ്റ്റ് മാസികയാണ്. ഇതിൽ എഴുതുന്നവർക്ക് പക്ഷേ പുതിയ സാധ്യതകളാണ് ലഭിക്കുന്നത്. കൂടുതൽ പേരിലേക്ക് തട്ടും തടവുമില്ലാതെ രചനകൾ/സൃഷ്ടികൾ എത്തിപ്പെടും. ഞങ്ങളുടെ തന്നെ അനുഭവത്തിൽ ലിറ്റിൽ മാസികയിൽ വന്ന പല രചനകളും വർത്തമാനപത്രങ്ങളും വിദേശങ്ങളിലെ മലയാള പ്രസിദ്ധീകരണങ്ങളുമുൾപ്പടെ നിരവധി പ്രസിദ്ധീകരണങ്ങളിൽ എടുത്തുപയോഗിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക പ്രസിദ്ധീകരണങ്ങളും മറ്റു ചെറു/സമാന്തര മാസികകളും വഴി പുതിയ പുതിയ വായനക്കാരിലേക്ക്, പുതിയ വ്യാഖ്യാനങ്ങളിലേക്ക്, പ്രതികരണങ്ങളിലേക്ക് ഓരോ എഴുത്തും എത്താനുള്ള സാധ്യത ഒരു കോപ്പിലെഫ്റ്റ് പ്രസിദ്ധീകരണത്തിന് മാത്രമുള്ളതാണ്. ഇവിടെ കോപ്പിറൈറ്റ് എന്ന സങ്കൽപത്തിന് എതിരാവുകയല്ല; മറിച്ച് കോപ്പിറൈറ്റ് പോലെ തന്നെ കോപ്പിലെഫ്റ്റും സാധ്യതയാണ്. രണ്ടും രണ്ട് വ്യത്യസ്ത സാധ്യതകളാണെന്നു മാത്രം.

# സൗന്ദര്യലഹരി



**നിത്യചൈതന്യ യതി**

വണ്ട് 'നിശ്ചലപുരം' എന്നൊരു രാജ്യമുണ്ടായിരുന്നു. അവിടെ 'മൂകപർവ്വതം' എന്നൊരു വനം വളരെക്കാലം എല്ലാവരിൽ നിന്നും മറഞ്ഞിരുന്നു. അവിടെയുള്ള ഏകാന്തകന്ദരം എന്ന ഗുഹയിൽ നിർമ്മമൻ എന്നൊരു മുനി തപസ്സുചെയ്തുകൊണ്ട് വളരെക്കാലം കഴിഞ്ഞു. ആ വനത്തിലെ പക്ഷികളും മൃഗങ്ങളും മൂകരായിരുന്നതുകൊണ്ട് പക്ഷികളുടെ കളസംഗീതമോ മൃഗങ്ങളുടെ ഓരിയിടലോ ഒന്നും കേൾക്കാനുണ്ടായിരുന്നില്ല. അങ്ങനെയിരിക്കുമ്പോൾ വാഗീശ്വരി യദൃച്ഛയാ അവിടെ വരുവാനിടയായി. ആ രാജ്യത്ത് സകലതും അചരമായിരിക്കുന്നതും പർവ്വതത്തിൽ എല്ലാം മൂകമായിരിക്കുന്നതും ഗുഹ ഏകാന്തമായിരിക്കുന്നതും മുനി ആരെയും സ്നേഹിക്കാതിരുന്നതും കണ്ടപ്പോൾ ദേവിക്ക് വലിയ വേദന തോന്നി. അമ്മ, തന്റെ വീണയുമായി ഏകാന്തകന്ദരത്തിൽ പ്രവേശിച്ചു. അവിടെ കണ്ണടച്ച് ധ്യാനത്തിൽ മുഴുകിയിരിക്കുന്ന നിർമ്മമ മുനിയുടെ മുമ്പിലിരുന്ന് വീണ വായിക്കാൻ തുടങ്ങി. അതിന്റെ ശബ്ദമാകട്ടെ സപ്തസ്വരങ്ങളായും സപ്തവർണ്ണങ്ങളായും നാലുഭാഗത്തേക്കും വ്യാപിച്ചു. കുറച്ചു കഴിഞ്ഞപ്പോഴേക്കും മരങ്ങളും ലതകളും പൂവണിഞ്ഞു. മന്ദമാരുതനിൽ ശാഖകളിളക്കി ആടി ആനന്ദിക്കാൻ തുടങ്ങി. ആകാശത്തെ മേഘങ്ങളെല്ലാം വർണ്ണപ്പകിട്ടുള്ളതായി. ഉറഞ്ഞുനിന്നിരുന്ന ജലമെല്ലാം ഉരുകി തേനരുവികളായി ഒഴുകി. വൃക്ഷങ്ങളിൽ മൂകമായിരുന്ന കുയിലുകളും പുള്ളുകളും മൈനകളും തത്തകളും ഉത്സാഹപൂർവ്വം കളഗീതം കൊണ്ട് വാഗീശ്വരിക്ക് സ്തുതി പാടുവാൻ തുടങ്ങി, മയിലിന് നൃത്തം ചെയ്യണമെന്നു തോന്നി. നിർമ്മമമുനി കണ്ണുതുറന്നപ്പോൾ കണ്ടത് അത്ഭുതകരമായ കാഴ്ചയാണ്. നിശ്ചലപുരം സജീവമായിരിക്കുന്നു. എവിടെയും വസന്തോത്സവം. ആകാശം മധുരസംഗീതം കൊണ്ട് സർവ്വത്ര മുഖരിതമായിരിക്കുന്നു. അണ്ണാർക്കണ്ണൻമാരും മുയലുകളും മാൻകൂട്ടങ്ങളും എവിടെയും ഉത്സാഹത്തോടുകൂടി ഓടിക്കളിക്കുന്നു. വിടർന്നു വികസിച്ചു നിൽക്കുന്ന പൂക്കളിൽ വർണ്ണോജ്ജ്വലമായ ചിറകുകളുള്ള ശലഭങ്ങൾ പോയിരുന്നു മധു നുകരുന്നു. കരിവണ്ടുകൾ മൂളിപ്പാട്ടുകൾ പാടി പറന്നുനടക്കുന്നു.

നിർമ്മമനായ മുനിയുടെ ഹൃദയത്തിൽ ആ സംഗീതവും സൗന്ദര്യവും ചെന്നലച്ചു. അന്നുവരെ തനിക്കു തോന്നിയിട്ടില്ലാത്ത ഒരു സർഗ്ഗശക്തി തന്നിൽ നിന്നും പിടഞ്ഞെഴുന്നേൽക്കുന്നതായി അനുഭവപ്പെട്ടു. മുനി വാല്മീകിയായി മാറി. സകല ജീവജാലങ്ങളിലേക്കും അദ്ദേഹത്തിന്റെ നിസ്സീമമായ പ്രേമം ഒഴുകുവാൻ തുടങ്ങി. മുനി ജീവിതത്തിന്റെ മുഗ്ദ്ധസൗന്ദര്യത്തെ വാഴ്ത്തി 'സൗന്ദര്യലഹരി' എഴുതി. അതു പാടിക്കേട്ട് ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് ദേവി ഏകാന്തകന്ദരം വിട്ട് ബ്രഹ്മലോകം പൂകി.

**രാജസ്ഥാൻ യാത്ര**



അക്ഷരാഭ്യാസമില്ലാത്ത, ഏഴാം ക്ലാസിനപ്പുറം വിദ്യാഭ്യാസമില്ലാത്ത ഗ്രാമീണരെ പ്രായ-ലിംഗ ഭേദമന്യേ പരിശീലിപ്പിച്ച് അവരുടെ നിത്യജീവിതത്തിൽ ആവശ്യമായ അധ്യാപകർ, ഡോക്ടർമാർ, മിഡ്‌വൈഫുമാർ, നഴ്സുമാർ, ഡന്റിസ്റ്റ്, പാത്തോളജിസ്റ്റ്, സോളാർ എഞ്ചിനീയർമാർ, കുഴൽക്കിണർ മെക്കാനിക്കുകൾ, വാസ്തുശില്പികൾ, ഡിസൈനർമാർ, ടെലിഫോൺ ഓപ്പറേറ്റർ, പടവ് പണിക്കാർ, ആശാരിമാർ, കൊല്ലൻമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ്, അക്കൗണ്ടന്റ്മാർ.... എന്നിങ്ങനെ വൈദഗ്ധ്യമുള്ളവരാക്കിമാറ്റുന്ന ഒരു ഗ്രാമീണ സർവ്വകലാശാലയായ ബെയർഫൂട്ട് കോളേജിനെക്കുറിച്ച്..

**അബ്ദുള്ളക്കുട്ടി എടവണ്ണ**

വിറകിലേക്ക് ചായ്ച്ചു വച്ച തിരിയുന്ന കസേരയിൽ കിടക്കുന്ന രോഗിയുടെ തുറന്നുവെച്ച വായിൽ പല്ലിന് റൂട്ട് കനാൽ ചികിത്സ സൂക്ഷ്മതയോടെ നടത്തിക്കൊണ്ടിരിക്കുകയാണ് ഈ ലേഡി ഡോക്ടർ ശ്രീമതി ഭാവാറായി. ഞെട്ടരുത്! ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ചികിത്സ നടത്തുന്ന ഈ ഡെന്റിസ്റ്റിന് വിദ്യാഭ്യാസം വെറും നാലാം ക്ലാസ്! തൊട്ടപ്പുറത്തുള്ള പാത്തോളജി ലാബിൽ ടെക്നീഷ്യൻമാരായ ലക്ഷ്മണും ഗോപാലും. വികലാംഗരായ ഇവരുടെ വിദ്യാഭ്യാസം രണ്ടാം ക്ലാസ്! രോഗികളെ പരിശോധിച്ചുകൊണ്ടിരിക്കുന്ന ബംഗാളിയായ 60 വയസ്സുകാരൻ ഡോ: എസ്.കെ. ഭട്ടാചാര്യ സ്കൂളിലേ പോയിട്ടില്ല. ഇതേത് വെള്ളരിക്കാപട്ടണത്തിലെ ആശുപത്രിയെന്ന് ചോദിക്കാൻ തുടങ്ങുന്നതിനുമുമ്പ് കേൾക്കുക. ആശുപത്രി മാത്രമല്ല! ഈ ക്യാമ്പസ്സിലെ സോളാർ എഞ്ചിനീയറിംഗ് വർക്ഷോപ്പിലെ മെക്കാനിക്കുകളോ എഞ്ചിനീയർമാരോ ഒരാൾ പോലും പ്രൈമറി ക്ലാസിനപ്പുറം സ്കൂളിൽ പോകാത്തവർ! കമ്പ്യൂട്ടർ ഇൻസ്ട്രക്ടറും ആർക്കിടെക്റ്റും ഹാൻഡ് പമ്പ് മെക്കാനിക്കും ഡ്രാഫ്റ്റ്സ്മാനും നഴ്സും.... എന്നുവേണ്ട എട്ട് ഏക്കർ വിസ്തൃതിയിൽ കിടക്കുന്ന ഈ കാമ്പസ്സിൽ കണ്ടുമുട്ടുന്നവരെല്ലാം നിരക്ഷരരോ പ്രൈമറി വിദ്യാഭ്യാസത്തിനപ്പുറം യോഗ്യത നേടാത്തവരോ ആണ്. മാത്രവുമല്ല പരസ്യമായി പ്രഖ്യാപിച്ച മറ്റൊരു കാര്യം കൂടി കേൾക്കണോ? ഈ ക്യാമ്പസ്സിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ശ്രദ്ധിക്കേണ്ട ഒന്നാമത്തെ കാര്യം ഏതെങ്കിലും ഒരു സർക്കാർ ജോലിക്ക് അപേക്ഷ നൽകാൻ യോഗ്യതയില്ലാത്തവരായിരിക്കണം എന്നാണ്. അതായത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ ആകാനുള്ള കടലാസ് യോഗ്യത പോലും വേണ്ട എന്ന്!

അതാണ് ബെയർഫൂട്ട് കോളേജ്(Barefoot College). രാജസ്ഥാനിലെ അജ്മീർ ജില്ലയിലെ തിലോണിയ എന്ന ഗ്രാമത്തിലാണ് ഏറെ വ്യത്യസ്തമായ ഈ നഗ്നപാദ (Barefoot)കോളേജ്.



*ബെയർഫൂട്ട് കോളേജിലെ ദന്തഡോക്ടറും സോളാർ എഞ്ചിനീയറും*

പാത്തോളജി ലാബിൽ രണ്ടാം ക്ലാസുകാർ.. ബംഗാളിയായ 60 വയസ്സുകാരൻ ഡോ: എസ്.കെ. ഭട്ടാചാര്യ സ്കൂളിലേ പോയിട്ടില്ല. സോളാർ എഞ്ചിനീയറിംഗ് വർക്ഷോപ്പിലെ മെക്കാനിക്കുകൾ,എഞ്ചിനീയർമാർ, അങ്ങനെ കമ്പ്യൂട്ടർ ഇൻസ്ട്രക്ടറും ആർക്കിടെക്റ്റും ഹാൻഡ് പമ്പ് മെക്കാനിക്കും ഡ്രാഫ്റ്റ്സ്മാനും നഴ്സും.... എന്നുവേണ്ട ഈ കാമ്പസ്സിൽ കണ്ടുമുട്ടുന്നവരെല്ലാം നിരക്ഷരരോ പ്രൈമറി വിദ്യാഭ്യാസത്തിനപ്പുറം യോഗ്യത നേടാത്തവരോ ആണ്.

# നോക്കൂ...ഈ ഡോക്ടർ സ്കൂളിൽ പോയിട്ടില്ല

**അ**ക്ഷരാഭ്യാസമില്ലാത്ത, ഏഴാം ക്ലാസിനപ്പുറം വിദ്യാഭ്യാസമില്ലാത്ത ഗ്രാമീണരെ പ്രായ-ലിംഗ ഭേദമന്യേ പരിശീലിപ്പിച്ച് അവരുടെ നിത്യജീവിതത്തിൽ ആവശ്യമായ അധ്യാപകർ, ഡോക്ടർമാർ, മിഡ്വൈഫുമാർ, നഴ്സുമാർ, ഡന്റിസ്റ്റ്, പാത്തോളജിസ്റ്റ്, സോളാർ എഞ്ചിനീയർമാർ, കുഴൽക്കിണർ മെക്കാനിക്കുകൾ, വാസ്തുശില്പികൾ, ഡിസൈനർമാർ, ടെലിഫോൺ ഓപ്പറേറ്റർ, പടവ് പണിക്കാർ, ആശാരിമാർ, കൊല്ലൻമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ്, അക്കൗണ്ടന്റ്മാർ.... എന്നിങ്ങനെ വൈദഗ്ധ്യമുള്ളവരാക്കിമാറ്റുന്ന ഒരു ഗ്രാമീണ സർവ്വകലാശാലയാണ് ബെയർഫൂട്ട് കോളേജ്. സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ള ഗ്രാമങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ഈ സ്ഥാപനത്തിന്റെ അടിസ്ഥാനലക്ഷ്യം. ഗ്രാമീണർ തന്നെയാണ് ബെയർഫൂട്ട് പ്രൊഫഷണൽസിനെ സൃഷ്ടിക്കുന്ന സ്ഥാപനത്തിന്റെ നടത്തിപ്പുകാരും.

1972 ലാണ് ബെയർഫൂട്ട് കോളേജ് സ്ഥാപിതമാകുന്നത്. ഗാന്ധിയൻ ദർശനത്തിലെ സ്വാശ്രയത്വമെന്ന ചിന്താധാര തന്നെയാണ് ഈ സ്ഥാപനത്തിന്റെ പ്രചോദനകേന്ദ്രം. 'ബെയർഫൂട്ട്' എന്ന പേരിന് ചൈനയിലെ നഗ്നപാദ ഡോക്ടറായ ഡേവിഡ് ബാർനറിനോട് കടപ്പെട്ടിരിക്കുന്നു. 1960 കളിൽ ചൈനയിലെ താഴെ തട്ടിലുള്ള നഗ്നപാദരായ ഗ്രാമീണരെ ആരോഗ്യപ്രവർത്തകരാക്കിമാറ്റാൻ മുന്നിട്ടിറങ്ങിയ ചിന്തകനും ഡോക്ടറുമായ ചെരിപ്പിടാത്ത ഡേവിഡ് ബാർനറുടെ ആശയം.

ഈ ആശയത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ബംഗാളിയായ സഞ്ജിത് ബങ്കർ റോയ് ദീർഘവീക്ഷണത്തോടെ സ്ഥാപിച്ചതാണിത്.

1945 ൽ പശ്ചിമ ബംഗാളിൽ ജനിച്ച ബങ്കർ റോയി പ്രശസ്തമായ ഡൂൺ സ്കൂളിലും (1956-1962) ഡെൽഹിയിലെ സെന്റ് സ്റ്റീഫൻ കോളേജിലും (1962-67) ആണ് വിദ്യാഭ്യാസം നേടിയത്. ഇംഗ്ലീഷ് സാഹിത്യത്തിൽ ആണ് ബിരുദാനന്തര ബിരുദമെങ്കിലും ഗ്രാമപ്രദേശങ്ങളിൽ സാമൂഹ്യപ്രവർത്തനം നടത്തുകയെന്ന തീവ്രമായ ആഗ്രഹത്തിലാണ് അദ്ദേഹം രാജസ്ഥാനിൽ എത്തുന്നത്. 1972 ൽ രൂപീകരിച്ച സോഷ്യൽ വർക്ക് ആന്റ് റിസേർച്ച് സെന്ററി (S W R C)ന്റെ ആഭിമുഖ്യത്തിലാണ് തിലോണിയയിൽ ബെയർഫൂട്ട് കോളേജ് സ്ഥാപിക്കുന്നത്. അദ്ദേഹത്തോടൊപ്പം ഗ്രാമീണരായ ഒരു കാർട്ടോഗ്രാഫറും ടൈപ്പിസ്റ്റും പങ്കാളികളായി കൂടി. തിലോണിയയിൽ ബ്രിട്ടീഷ് കാലഘട്ടത്തിൽ സ്ഥാപിച്ച ടി ബി സാനിറ്റോറിയമുണ്ട് (ലാറി ബേക്കർ നിർമ്മിച്ച കെട്ടിടങ്ങൾ). 45 ഏക്കർ വരുന്ന ഈ പ്രദേശം സർക്കാരിൽ നിന്ന് മാസം ഒരു രൂപ പാട്ടം നൽകിക്കൊണ്ടാണ് ബങ്കർ റോയ് 1972 ൽ ബെയർഫൂട്ട് കോളേജ് സ്ഥാപിക്കുന്നത്. തുടക്കത്തിൽ പുറത്തുനിന്നുള്ള വിദഗ്ധൻമാരെ കൊണ്ടുവന്നാണ് പ്രവർത്തനം തുടങ്ങിയതെങ്കിലും പലരും സർക്കാർ ജോലി നേടി പോയതോടെ റോയ് തിരിച്ചറിഞ്ഞു ഗ്രാമീണർ തന്നെയായിരിക്കണം പൂർണ്ണമായും പ്രൊഫഷണലുകൾ. അങ്ങനെ 80 കളിൽ പൂർണ്ണമായും പാവപ്പെട്ടവരുടെ പങ്കാളിത്തത്തോടെ പുതിയ ബെയർഫൂട്ട് കോളേജ് തിലോണിയയിൽ തന്നെ സ്ഥാപിതമായി.

ഇന്ന് തിലോണിയയിൽ 700 ഓളം പ്രവർത്തകരുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ബെയർഫൂട്ട് കോളേജ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ, ഭൂട്ടാൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടിങ്ങളായി പടർന്നുപന്തലിച്ച ശാഖകളോ അഫിലിയേറ്റ് ചെയ്ത സെന്ററുകളോ ആയി ബെയർഫൂട്ട് കോളേജ് വളർന്നിരിക്കുന്നു.

ഇന്ത്യയിൽ ആദ്യമായി പാവങ്ങൾക്കുവേണ്ടി പാവങ്ങൾ തന്നെ സ്ഥാപിച്ച്, അവരുടെ തന്നെ മേൽനോട്ടത്തിൽ നടക്കുന്ന ഏക സർവ്വകലാശാലയാണ് ബെയർഫൂട്ട് കോളേജ്!

(ബെയർഫൂട്ട് കോളേജിന്റെ കൂടുതൽ വിശേഷങ്ങൾ അടുത്ത ലക്കത്തിൽ)

***ഗാന്ധിയൻ ദർശനത്തിലെ സ്വാശ്രയത്വമെന്ന ചിന്താധാര തന്നെയാണ് ഈ സ്ഥാപനത്തിന്റെ പ്രചോദനകേന്ദ്രം***

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# 'സൂക്ഷിക്കുക! നിങ്ങളെയാരോ ശ്രദ്ധിക്കുന്നുണ്ട്...!"

**കു**ട്ടികളുടെ ചലച്ചിത്രോത്സവത്തിൽനിന്ന് മുമ്പൊരിക്കൽ കണ്ട ഒരു ഷോർട്ട് ഫിലിമുണ്ട്. ഒരു ഗുഡ്സ് ഓട്ടോക്കാരൻ അറവുശാലകളിലെ അവശിഷ്ടങ്ങൾ ശേഖരിച്ച് ഒഴിഞ്ഞ സ്ഥലത്ത് നിക്ഷേപിക്കാൻ ഒരുങ്ങുകയാണ്. അതിനയാൾ കച്ചവടക്കാരിൽനിന്ന് കാശുവാങ്ങിക്കുന്നുണ്ട്. അവശിഷ്ടങ്ങൾ നിറച്ച വണ്ടിയുമായി അയാൾ നേരെ വരുന്നത് ഒരു പാലത്തിനു മുകളിലേക്കാണ്. അവിടെനിന്ന് ആരുമില്ലാത്ത നേരംനോക്കി വേസ്റ്റ് പുഴയിലേക്ക് തട്ടാനാണ് അയാളുടെ പരിപാടി. അതിന് ഒരുങ്ങുമ്പോഴാണ് പാലത്തിന് മുകളിൽ സ്ഥാപിച്ച ഒരു ബോർഡ് അയാളുടെ ശ്രദ്ധയിൽ പെടുന്നത്. 'സൂക്ഷിക്കുക, നിങ്ങളെയാരോ ശ്രദ്ധിക്കുന്നുണ്ട്!' – ഇതാണ് ബോർഡ്. ഈ ബോർഡ് അയാളിൽ ഞെട്ടലുണ്ടാക്കുന്നു. താൻ വേസ്റ്റ് തള്ളുന്നത് ആരോ ശ്രദ്ധിക്കുന്നുണ്ടെന്നോ? അയാൾ ചുറ്റുപാടും നോക്കുന്നു. പുഴയിൽ ദൂരെയിരുന്ന് മീൻ പിടിക്കുന്ന ഒരാൾ. അയാളായിരിക്കുമോ? ഡ്രൈവർ സംശയിക്കുന്നു. വേസ്റ്റ് പുറത്തെടുക്കാതെ വണ്ടിയുമെടുത്ത് അയാൾ മുന്നോട്ടു പോകുന്നു, മറ്റെവിടെയെങ്കിലും തള്ളാമെന്ന ധാരണയോടെ. പോകുന്നിടത്തെല്ലാം ആരെങ്കിലുമൊക്കെ അയാളെ ശ്രദ്ധിക്കുന്നുണ്ടെന്ന തോന്നൽ ഉണ്ടാവുകയും ചെയ്യുന്നു. വൈകുന്നേരം വരെ വണ്ടിയുമായി അലയുന്നിടത്തെല്ലാം ബോർഡിലെ വാചകങ്ങൾ അയാളെ വേട്ടയാടുകയാണ്. അവസാനം ഇരുട്ടി വീട്ടിലെത്തുമ്പോൾ ഭാര്യയും അമ്മയും ചോദിക്കുന്നു. എന്താണ് വണ്ടിയിലൊരു നാറ്റം? ഒന്നും പറയാതെ ആ ഇരുട്ടിൽ അയാൾ വേസ്റ്റ് സ്വന്തം വീട്ടുവളപ്പിൽ കുഴിച്ചുമൂടുന്നു. പക്ഷേ, നേരം വെളുത്തപ്പോൾ ഭാര്യയും അമ്മയും അയാളെ വിളിച്ചുണർത്തി പറയുന്നു, കുഴിച്ചുമൂടിയ വേസ്റ്റ് ഏതോ ജീവികൾ മാന്തി പുറത്തിട്ടത് കാക്കകൾ കിണറ്റിൽ കൊണ്ടുവന്നിട്ടിരിക്കുന്നുവെന്ന്. കുടിവെള്ളം മുട്ടിയിരിക്കുകയാണ്. കിണർ ശുദ്ധീകരിക്കാതെ ഒരു നിവൃത്തിയുമില്ല. അതുവരെ ഭാര്യയുടെ വീട്ടിൽ താമസിക്കാമെന്നു കരുതി അയാൾ അമ്മയെയും ഭാര്യയെയും ഗുഡ്സ് ഓട്ടോയിൽ ഇരുത്തി കൊണ്ടുപോകുന്നു. ആദ്യരംഗത്തു കണ്ട പാലത്തിനു മുകളിലൂടെയാണ് യാത്ര. അവിടെയെത്തുമ്പോൾ അയാൾ വണ്ടി നിർത്തുന്നു. പഴയ ബോർഡ് ശ്രദ്ധിക്കുന്നു. അമ്മ അയാളെ തോണ്ടിവിളിച്ച് പുഴയിലേക്ക് വിരൽ ചൂണ്ടുന്നു. പുഴയിൽ നീന്തിത്തുടിക്കുന്ന മത്സ്യങ്ങൾ...! സിനിമ ഇവിടെ അവസാനിക്കുകയാണ്.

പ്രസക്തമായ കാര്യങ്ങൾ നർമത്തോടെ ലളിതമായി ആവിഷ്കരിക്കുന്ന ഒരു മനോഹരചിത്രം.

ഈ സിനിമയിൽ കണ്ട ബോർഡിലെ വാചകങ്ങളെക്കുറിച്ചെഴുതാനാണ് ആമുഖമായി സിനിമയെ ചുരുക്കി വിവരിച്ചത്. 'എല്ലാം ദൈവം കാണുന്നു' എന്നു വിശ്വസിക്കുന്ന പലരും 'എല്ലാം' ചെയ്യുന്നവരുമാണല്ലോ. നമ്മെ ചിലപ്പോൾ പലതും ഓർമിപ്പിക്കുക ഇത്തരം ചെറിയ ബോർഡുകളോ ഓർമയിൽ തങ്ങിനില്ക്കുന്ന ആരെങ്കിലുമൊക്കെ പറഞ്ഞ വാക്കുകളോ ഒക്കെയായിരിക്കും. ദിനംപ്രതി എത്ര മുന്നറിയിപ്പ് ബോർഡുകളാണ് നാം കാണുന്നത്! മിക്കതും നാം അവഗണിക്കുന്നു. എന്നാൽ നമ്മോട് വ്യക്തിപരമായി സംസാരിക്കുന്ന പോലുള്ള ചില ബോർഡുകൾ, എഴുത്തുകൾ ചിലയിടങ്ങളിൽ കാണാം. കാത്തിരിപ്പുവേളയിൽ, വെറുതെയിരുന്ന് മനസ്സ് അലയുമ്പോൾ ഇത്തരം എഴുത്തുകൾ നമ്മെ പലതും ഓർമ്മിപ്പിക്കുന്നു. പ്രവർത്തിക്കാൻ, ചിലപ്പോൾ പ്രവർത്തിക്കാതിരിക്കാൻ ഇവ പ്രേരിപ്പിക്കുന്നു. തമിഴ്നാട്ടിലെ തിരുവള്ളുവർ ട്രാൻസ്പോർട്ട് ബസ്സിൽ സഞ്ചരിക്കുമ്പോൾ ബസ്സിന്റെ മുന്നിൽ ഡ്രൈവറുടെ സമീപത്തായി തൂക്കിയിട്ട തിരുവള്ളുവറുടെ ചിത്രം കാണാറുണ്ട്. അതോടൊപ്പം തിരുക്കുറളിലെ വരികൾ എഴുതിവെച്ചിട്ടുണ്ടാവും. ഓരോ ബസ്സിലും വ്യത്യസ്ത വരികൾ. ആരോടെങ്കിലും ചോദിച്ച് അതിന്റെ അർഥം മനസ്സിലാക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. 'ആറ്റിൽ കളഞ്ഞാലും അളന്നു കളഞ്ഞണം' എന്നൊക്കെയുള്ള ചിരന്തന സത്യങ്ങൾ അവ ഓരോ യാത്രക്കാരനെയും ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു. സുഹൃത്ത് മൂൺസ് ചന്ദ്രൻ അദ്ദേഹത്തിന്റെ സ്റ്റുഡിയോയിലെഴുതിവെച്ച ഒരു വാക്യം – ഇവിടെയാരും പുകവലിക്കാറില്ല – വായിച്ച് പലരും ഒന്നും പറയാതെ ത്തന്നെ ഈ നിർദേശം കൃത്യമായി പാലിച്ചിരുന്നു. അതുപോലെ 'ദൈവം നിങ്ങളുടെ ശരീരത്തിലേക്കോ ധനസ്ഥിതിയിലേക്കോ അല്ല, ഹൃദയത്തിലേക്കാണ് നോക്കുക' എന്ന നബിവചനവും അദ്ദേഹം എഴുതിവെച്ചത് പലരെയും ചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്.

'ഇവിടെ വൃത്തികേടാക്കരുത്' എന്നെഴുതിവെക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് – 'വൃത്തികേടാക്കാൻ എളുപ്പമാണ്, വൃത്തിയാക്കാനോ...?' എന്ന ഒരു ചോദ്യം. ഹൈവേയിലൂടെ അതിവേഗതയിൽ വണ്ടിയോടിക്കുന്ന ഒരാളോട് 'വേഗത കുറക്കുക' എന്ന ബോർഡിനു പകരം 'വഴിക്കണ്ണുമായി വീട്ടിൽ കാത്തിരിക്കുന്നവരുണ്ട്' എന്ന് ഓർമിപ്പിക്കുന്നതായിരിക്കും നന്നാവുക.

ഹൃദയത്തിൽ തൊടുന്ന കുറിപ്പുകൾ എവിടെയെങ്കിലും കണ്ടാൽ കുറിച്ചെടുക്കുന്നത് എന്റെയൊരു ശീലമാണ്. അവ സൂക്ഷിക്കാൻ മാത്രം എനിക്കൊരു പോസിറ്റീവ് ഡയറിയുണ്ട്.


മൈസൂർ മാനസഗംഗോത്രിയിലെ വൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന കേന്ദ്രത്തിലെ സ്വീകരണമുറിയുടെ ചുമരിൽ കണ്ട വാക്കുകൾ ഇങ്ങനെയാണ്.

'അടുത്തത് ഒരു സവിശേഷസൃഷ്ടിയാണ്. ആ സൃഷ്ടിയുടെ മാതാപിതാക്കളാകാൻ യോഗ്യരായവർ ആരാണ് ഭൂമിയിലുള്ളത്? ബ്രഹ്മാവ് വിഷ്ണുവിനോടു ചോദിച്ചു. വിഷ്ണു നിങ്ങളെയാണ് തെരഞ്ഞെടുത്തത്. ആ സവി

ലോകം

# ദി പ്രൊട്ടസ്റ്റർ

## 2011 ലെ പേഴ്സൻ ഓഫ് ദി ഇയർ




ലോകമെങ്ങും നടക്കുന്ന ജനകീയ സമര പോരാളികളെ ആദരിച്ചുകൊണ്ട് 2011 ലെ പേഴ്സൻ ഓഫ് ദ ഇയർ ആയി ടൈം മാഗസിൻ തിരഞ്ഞെടുത്തിരിക്കുന്നത് *ദ പ്രൊട്ടസ്റ്ററി*നെയാണ്.



ജീവിതചിന്ത

# ഞാൻ ആരെയാണ് ഭയക്കുന്നത്

കെ. അരവിന്ദാക്ഷൻ

രാവിലെ ആറരയോടെയാണ് ഞാൻ പാടത്തെത്തിയത്. കാറ്റ് എന്നെ തലോടിപ്പോയി. മനസ്സും ശരീരവും ഹൃദയവും രാത്രിയുടെ മരണത്തിൽ നിന്നും ഉയിർത്തെണീറ്റപോലെ വയ്യാത്തൊരിരുളും എന്നിലൂടെ പ്രസരിക്കുന്നു. ചുറ്റിനുമുള്ള സകലതിനോടും എനിക്ക് അനല്പമായ വാത്സല്യം ഉായി. പുല്ലും പക്ഷികളും ജലവും മണ്ണും ... എന്റെ തന്നെ ആത്മാംശങ്ങളായി എന്നിൽ നിറഞ്ഞു തുളുമ്പി.

ചെറിയ ചെമ്പുതളികയായി സൂര്യൻ. ഞാൻ സൂര്യനിലേക്ക് നോക്കി നിന്നു. സൂര്യന്റെ ഊർജ്ജത്തിൽ ഞാൻ കുളിച്ചു. ഞാൻ കൈവീശി. സൂര്യൻ ഒരു നിമിഷം നിശ്ചേഷ്ടനായി എന്നെ നോക്കി.

മണ്ണിൽ നീ നിവർന്നു കിടന്ന്, മണ്ണായി ധൂളിയായി സൂര്യനെ ഒന്ന് നമസ്ക്കരിക്കണം.

പക്ഷെ, എന്നെ അതിനനുവദിച്ചില്ല. സൂര്യൻ ആകാശം നിറഞ്ഞ് പരന്നു. എന്റെ നേരെ അനന്തകണ്ണുകളിലൂടെ പരിഹസിക്കുകയാണ്.

ഞാൻ ലജ്ജിതനായി എന്നിലേക്ക് ചുരുങ്ങി. ഞാൻ പിന്നിലേക്ക് തിരിഞ്ഞൊന്നു നോക്കി.

ചന്ദ്രനും എന്റെ ആ ചിന്തയുടെ നഗ്നത തിരിച്ചറിഞ്ഞിരിക്കുന്നു.

കാറ്റ് വീശി. ഒരു കരിയിലയായി ഞാൻ പിടഞ്ഞു.

നീയാരെയാണ് ഭയക്കുന്നത്.

സൂര്യൻ ചോദിച്ചു. ചന്ദ്രൻ ചോദ്യം ആവർത്തിച്ചു.

ഞാൻ ആരെയാണ് ഭയക്കുന്നത്.

ഞാൻ സ്വയം ചോദിച്ചു.

---

ശേഷസൃഷ്ടിയാണ് നിങ്ങളുടെ കുഞ്ഞ്..!"

തങ്ങൾക്കൊരു വൈകല്യമുള്ള കുഞ്ഞുണ്ടായല്ലോ എന്ന സങ്കടവുമായി കഴിയുന്ന ഓരോ മാതാപിതാക്കൾക്കും സാന്ത്വനം പകരുന്നുണ്ട് ഈ വാക്കുകൾ.

ഏതാനും മാസങ്ങൾക്കുമുമ്പാണ്, രക്ഷിതാക്കൾക്കുള്ള പരിപാടിയിൽ ഞാൻ ക്ലാസ്സെടുത്തുകൊണ്ടിരിക്കുകയായിരുന്നു. എന്റെ കൂടെ നാലാം ക്ലാസ്സിൽ പഠിക്കുന്ന മകൻ അച്ചുവുമുണ്ട്. അവൻ ആളുകൾക്കിടയിൽ എവിടെയോ ഇരിക്കുന്നുണ്ട്. ക്ലാസ്സിനിടയിൽ, കുട്ടികളോട് പറയുന്ന വാഗ്ദാനങ്ങൾ പാലിക്കണം, അല്ലെങ്കിൽ പാലിക്കാൻ കഴിയുന്ന വാഗ്ദാനങ്ങളേ അവർക്ക് നല്കാവൂ എന്നു ഞാൻ പറഞ്ഞു. അതു പറഞ്ഞുതീർന്നില്ല, അപ്പോഴേക്കും ആൾക്കൂട്ടത്തിനിടയിൽ ഇരിക്കുന്ന അച്ചുവിന്റെ കണ്ണുകൾ ഞാൻ കണ്ടു. ആ കണ്ണുകൾ എനിക്കുനേരെ ഒരു ചോദ്യം ഉയർത്തുന്നുണ്ടായിരുന്നു. 'നിങ്ങളെനിക്ക് വാങ്ങിത്തരാമെന്നു പറഞ്ഞ സൈക്കിൾ വാങ്ങിത്തന്നോ?' (വാഗ്ദാനം ചെയ്ത സൈക്കിൾ വാങ്ങിക്കൊടുക്കാൻ പറ്റാതെ വന്നപ്പോൾ ഞാൻ കാര്യങ്ങൾ ബോധ്യപ്പെടുത്തി ഏപ്രിൽ മാസത്തെ വെക്കേഷനിൽ വാങ്ങിത്തരാമെന്നു പറഞ്ഞിരിക്കുകയായിരുന്നു, അവനോട്.) ഉടനെ ഞാൻ രക്ഷിതാക്കളോട് ഒരു കാര്യം കൂടി അതോടൊപ്പം ചേർത്തുപറഞ്ഞു. 'അഥവാ നിങ്ങൾക്ക് കുട്ടികളോട് വാഗ്ദാനം പാലിക്കാൻ കഴിയാതെ വന്നാൽ, അക്കാര്യം അവരെ പറഞ്ഞു ബോധ്യപ്പെടുത്തണം.' ക്ലാസ്സ് കഴിഞ്ഞു തിരിച്ചെത്തിയപാടെ അവൻ എന്റെ 'വാഗ്ദാന'ത്തെക്കുറിച്ചുള്ള പരാമർശത്തെക്കുറിച്ച് എന്റെ ഭാര്യയോട് പറയുന്നതു കേട്ടു. എന്റെ തന്ത്രം അവന് മനസ്സിലായതായി ഞാനറിഞ്ഞു.

പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ ബന്ധമുണ്ടാവണമെന്ന കാര്യത്തിൽ പുലർത്തേണ്ട അതീവ ജാഗ്രതയാണ് അച്ചു എന്നെ പഠിപ്പിച്ചത്. ആൾക്കൂട്ടത്തിനിടയിൽ ഒരു കണ്ണ് എന്നെ നോക്കുന്നുണ്ട് എന്ന ബോധം! ആ സിനിമയിലെ ബോർഡ് എന്നെ പലതും പഠിപ്പിക്കുന്നു. "സൂക്ഷിക്കുക, നിങ്ങളെയാരോ ശ്രദ്ധിക്കുന്നുണ്ട്...!"

### വീട് നിർമ്മാണം
### അറിഞ്ഞിരിക്കേണ്ട
### ചെറുകാര്യങ്ങൾ

## രൂപകൽപ്പന (Planning)

ഐഡിയൽ അഷ്റഫ്

ഒരു വീട് രൂപകൽപ്പന ചെയ്യുമ്പോൾ, കുടുംബത്തിന് വേണ്ട സൗകര്യങ്ങളെ അത്യാവശ്യം, ആവശ്യം, ആഡംബരം (അനാവശ്യം) എന്നിങ്ങനെ മനസ്സിലാക്കി വേണം ചെയ്തുതുടങ്ങാൻ.

ഓരോ വ്യക്തിക്കും വേണ്ട സൗകര്യങ്ങൾ ഓരോ വിധത്തിലായിരിക്കും. ആയതിനാൽ മറ്റുള്ളവർ അങ്ങനെ ചെയ്തതുകൊണ്ട് എനിക്കും അതുപോലെയുള്ള വീടു മതി എന്നു തീരുമാനിക്കുന്നത് ബുദ്ധിശൂന്യതയാണ്.

നമുക്ക് വേണ്ട സൗകര്യങ്ങൾ കുടുംബാംഗങ്ങളുമായി ചർച്ച ചെയ്ത് മനസ്സിലാക്കി, പരമാവധി പ്രകൃതിദത്തമായ കാറ്റും വെളിച്ചവും കടക്കത്തക്ക വിധത്തിൽ അനാവശ്യമായ സ്ഥലങ്ങൾ (waist area) ഒഴിവാക്കി പരമാവധി ഊർജ്ജ ഉപഭോഗം കുറച്ചുകൊണ്ട്, (നിർമ്മാണഘട്ടത്തിലും തുടർന്നങ്ങോട്ടുള്ള ജീവിതത്തിലും) സ്വകാര്യത നിലനിർത്തി വേണം ഒരു വീട് രൂപകൽപ്പന ചെയ്തു തുടങ്ങാൻ.

ചിലവ് കുറയ്ക്കുക എന്നു പറഞ്ഞാൽ വലിപ്പം കുറക്കലോ ഗുണമേൻമ കുറക്കലോ അല്ല. എല്ലാ മുറികൾക്കും പൊതുവായ സ്ഥലങ്ങൾക്കും കുടുംബത്തിന്റെ ആവശ്യത്തിനും സാഹചര്യത്തിനും അനുസരിച്ചുള്ള വലിപ്പം വേണം. എല്ലാ സ്ഥലങ്ങളിലും ആവശ്യത്തിന് കാറ്റും വെളിച്ചവും കടന്നുചെല്ലാവുന്ന രീതിയിലും വലിപ്പത്തിലും ജനൽ, ജാളി (Jally) എന്നിവ ക്രമീകരിക്കണം. പകൽ സമയത്ത് എല്ലാ റൂമുകളിലും സൂര്യപ്രകാശം കടന്നുചെല്ലണം (ലൈറ്റ് ഉപയോഗിക്കാതെ തന്നെ ഉപയോഗം നടക്കണം)

ഇത്തരം കാര്യങ്ങളെ ശ്രദ്ധിച്ചുവേണം വീടിന്റെ പ്ലാൻ തയ്യാറാക്കാൻ.

**വീടുനിർമ്മാണത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാം:ഐഡിയൽ അഷറഫ് -9447627334)**

വായന

## അമലിന്റെ-നരകത്തിന്റെ ടാറ്റൂ- എന്ന പുസ്തകം

പ്രതീഷ് എം.പി.




മനുഷ്യരെയും സ്ഥലങ്ങളെയും കഥയിലൊട്ടിക്കുന്നു.

ഒരു കേക്കു പോലെ പലരും മുറിച്ചെടുത്തുകൊണ്ടിരിക്കുന്ന കുന്നിൻമുകളിൽ തൂങ്ങിയാടുന്ന വീട്, അതിലെ ആളുകൾ, തീവണ്ടിപ്പാതക്കരികിലെ ചതുപ്പുനിലത്തെ വീട്, അതിലെയാളുകൾ, അപ്പാർട്ട്മെന്റുകൾക്കിടയിലെ ഇപ്പോഴുണ്ടായ വഴി, അതിലെയാളുകൾ, താഴെ നിന്നും വെള്ളം കെട്ടിച്ചുമന്നു മലകയറുന്ന സ്ത്രീ, ലോറിയായിത്തീർന്ന ഒരാണിന്റെ പൊറുതിയിൽപെട്ട സ്ത്രീ, ഇറച്ചിയുടെ തെരുവിൽ കത്തി രാകിമുറിക്കുന്ന തടിച്ച സ്ത്രീ, ടെക്സ്റ്റ് മെസജിനുള്ളിൽ മുറിയുണ്ടാക്കുന്ന ചെറുക്കൻ, മേലൊഴുക്കുകളിൽ നിന്നും ഓടിപ്പോന്ന് സ്വർഗ്ഗത്തെ ശരീരത്തിലെഴുതിക്കുന്ന സ്ത്രീ, പുരുഷൻ, ചതുപ്പിലേക്കു നടക്കുന്ന ആൾ, വേഗതയെ ഉള്ളിൽ വളർത്തുന്നവർ, കോണി കൈവിട്ട്, മരക്കൊമ്പിൽ മരിക്കാനായുമ്പോൾ കണക്കുപഠിക്കുന്നയാൾ, നിരനിരയായി മുന്നിലേക്കു വരുന്ന ട്രക്കുകൾ എന്നിങ്ങനെ മുമ്പില്ലാതിരുന്ന അനേകം ആളുകളെ/സ്ഥലങ്ങളെ/കാലാവസ്ഥയെ/ജീവിതത്തിലൊട്ടിച്ചുണ്ടാക്കുന്ന കഥകളാണ് അമലിന്റെ 'നരകത്തിന്റെ ടാറ്റൂ'. ഇപ്പോഴത്തെ ജീവിതത്തെ ഇപ്പോഴത്തെ/വരാനുള്ള ഒരു ഭാഷയിൽ പതിച്ചുവെക്കുന്നു. യന്ത്രം/മനുഷ്യർ, ഭൂമി/മനുഷ്യർ, സ്ത്രീ/പുരുഷൻ, ശരീരം/പ്രണയം എന്നിങ്ങനെയുള്ള ചേർപ്പുകളെ മറ്റൊരു വിധത്തിൽ പറഞ്ഞുനോക്കുന്നു. നിലവിലിരിക്കുന്ന ഭാഷയിൽ/എഴുത്തിൽ/കഥയിൽ നിന്നുള്ള വിടുതിയാണ്. പഴയ കഥയെഴുത്തിന്റെ ഭാരമില്ലാതെ. പുതിയ കഥയെഴുത്തിന്റെ തീവ്രഭാരത്തോടെ ഒരു ടാറ്റൂ.



*The problem is that the world's economic managers do not believe there is any real option to restructure economies so that they consume less, pollute less and still grow in wellbeing if not in wealth. The problem is that we are wedded to this one ideology of growth. It is for this reason that in spite of all the perturbations and upheavals, the same people who have put us in this place continue to be in charge of fixing the problems of growth.*

***- Sunita Narain, Down To Earth***



# കുട്ടികളെ രോഗികളാക്കണോ?.

***ട്രാൻസ്ഫാറ്റ് അടങ്ങിയ മഞ്ച് പോലുള്ള ഭക്ഷണ പദാർത്ഥങ്ങളിൽ അടങ്ങിയിട്ടുള്ള ട്രാൻസ്ഫാറ്റ് ശരീരത്തിൽ ചെന്നാൽ ഭവിഷ്യത്ത് ഗുരുതരമായിരിക്കുമെന്ന് പഠനങ്ങൾ***

**പ്രസാദ് കെ.**

ഇന്ന് എല്ലാ കുട്ടികളുടെയും ഇഷ്ടപ്പെട്ട ഭക്ഷണമാണ് മഞ്ച്. നിങ്ങളുടെ കുട്ടികൾക്ക് നിങ്ങൾ മഞ്ച് വാങ്ങി കൊടുക്കാറുണ്ടോ?. ഉങ്കെിൽ അതിന്റെ കവറിനുപുറത്ത് എഴുതിയിരിക്കുന്നത് വായിച്ചു നോക്കുക എന്ന് എഴുതിയിരിക്കുന്നത് കാണാം. ട്രാൻസ് ഫാറ്റിനെ കുറിച്ച് വിക്കി പീഡിയ എന്ത് പറയുന്നു എന്ന് പരിശോധിക്കാം.

മഞ്ചിലടങ്ങിയിരിക്കുന്ന ട്രാൻസ്ഫാറ്റ് ആണ് വില്ലൻ! ഭക്ഷണ പദാർത്ഥങ്ങളിൽ അടങ്ങിയിട്ടുള്ള ട്രാൻസ്ഫാറ്റ് ശരീരത്തിൽ ചെന്നാൽ അത് LDL എന്ന ചീത്ത കൊളസ്ട്രോളിനെ വർദ്ധിപ്പിക്കുകയും HDL എന്ന നല്ല കൊളസ്ട്രോളിനെ കുറക്കുകയും ചെയ്യും. ഇത് ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കുന്നു. ട്രാൻസ്ഫാറ്റും ഹൃദ്രോഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നടന്ന ഒരു പഠന റിപ്പോർട്ട് New England Journal of Medicine 2006 - ൽ പ്രസിദ്ധീകരിക്കുകയുായി. ആ പഠനത്തിൽ പറയുന്നത്, ഓരോ വർഷവും 30,000 മുതൽ ഒരു ലക്ഷം ആളുകളാണ് അമേരിക്കയിൽ ട്രാൻഫാറ്റിന്റെ ഉപയോഗം കാരണം ഹൃദ്രോഗം വന്ന് മരിക്കുന്നു എന്നാണ്.

2003 ഫെബ്രുവരിയിൽ Archives of Neurology - യുടെ പഠനത്തിൽ പറയുന്നത് ട്രാൻസ്ഫാറ്റും പൂരിതകൊഴുപ്പുകളും അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ അൽഷിമേഴ്സ് രോഗം വർദ്ധിപ്പും എന്നതാണ്. ട്രാൻസ്ഫാറ്റ് അടങ്ങിയ ഭക്ഷണം കഴിക്കുന്നതിലൂടെ ക്യാൻസർ ഉാകാനുള്ള സാധ്യത ഇത് വരെ കത്തെിയിട്ടില്ല. എന്നാൽ അമിതമായ ട്രാൻസ്ഫാറ്റ് ഉപയോഗം സ്ത്രീകളിൽ സ്തനാർബുദം ഉാകാനുള്ള സാധ്യത 75% വരെയാണെന്ന് French part of the European Prospective Investigator in to Cancer and Nutrition - വെളിപ്പെടുത്തുന്നു. ട്രാൻസ്ഫാറ്റിന്റെ ഉപയോഗം ടൈപ്പ് 2 പ്രമേഹം, പൊണ്ണത്തടി എന്നിവ വർദ്ധിപ്പിക്കുമെന്നും ക െത്തിയിട്ടു് .

മറ്റ് കൊഴുപ്പുകൾ മെറ്റബോളൈളസ് ചെയ്യുന്നതുപോലെയല്ല ട്രാൻസ്ഫാറ്റിനെ കരൾ മെറ്റബോളൈളസ് ചെയ്യുന്നത്. ട്രാൻസ്ഫാറ്റ് കരളിൽ എത്തിയാൽ അത് Deltu 6 disaturasc എന്ന എൻസൈംന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കും. ഈ എൻസൈം Essencial Fatty Acid കളെ Arachidonic Acid, Prostaglandins എന്നിവയിലേക്ക് രൂപാന്തരപ്പെടുത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇവ രും സെല്ലുകളുടെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. അതുകൊുതന്നെ ഇവയുടെ അഭാവം കാരണം സെല്ലുകളുടെ പ്രവർത്തനം തടസ്സപ്പെടുകയും രോഗങ്ങൾക്ക് കാരണമാവുകയും ചെയ്യും.

സ്ത്രീകളിൽ സ്ഥിരമായി ട്രാൻസ്ഫാറ്റ് അടങ്ങിയ ഭക്ഷണം കഴിച്ചാൽ അവരിൽ വന്ധ്യതയ്ക്കുള്ള സാധ്യത 73% വരെയാണെന്ന് 2007–ൽ നടന്ന ഒരു പഠനത്തിൽ പറയുന്നു. ട്രാൻസ്ഫാറ്റ് അടങ്ങിയ ഭക്ഷണം കഴിക്കുന്ന ആളുകൾക്ക് വിഷാദ രോഗത്തിനുള്ള സാധ്യത ട്രാൻസ്ഫാറ്റ് കഴിക്കാത്തവരെ അപേക്ഷിച്ച് 48% കൂടുതലാണെന്ന് സ്പെയിനിലെ ശാസ്ത്രജ്ഞർ 6 വർഷം കൊ് 12059 ആളുകളിൽ നടത്തിയ പഠനത്തിലൂടെ കത്തെിയിട്ടു്. ജൂലൈ 2008 മുതൽ ന്യൂയോർക്കിലും ട്രാൻസ്ഫാറ്റ് ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കുന്നത് നിരോധിച്ചിട്ടു്.

ഇനിയും നമ്മുടെ കുട്ടികളെ രോഗികളാക്കണോ?. നിങ്ങൾ തീരുമാനിക്കുക.

വിശദമായ വിവരങ്ങൾക്ക് en.wikipedia.org/ wiki/ trans - fat എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

നിങ്ങളുടെ കുട്ടികൾക്ക് നിങ്ങൾ മഞ്ച് വാങ്ങി കൊടുക്കാറുണ്ടോ?. ഉങ്കെിൽ അതിന്റെ കവറിനുപുറത്ത് എഴുതിയിരിക്കുന്നത് വായിച്ചു നോക്കുക

---

## മഴജന്മം

**ഷാഹുൽ ഹമീദ്. കെ. ടി.**

മേഘപാളികൾക്കുള്ളിലൂടെ മഴ എത്തിനോക്കി
"ഞങ്ങളുടെ വിുപൊട്ടിയ ശരീരത്തിലെ വ്രണങ്ങൾ കഴുകിവൃത്തിയാക്കുന്നത് നീയാണ്. ഇനിയും നീ തമസിക്കുന്നതെന്തേ....?" മേഘങ്ങൾ മഴയോടു ചോദിച്ചു.
"എന്റെ ദേഹത്തെ അഴുക്കുകളഞ്ഞ് കഴുകി വൃത്തിയാക്കുന്നത് നീ മാത്രമാണ്. വാ ഒന്ന് വേഗം വാ...."
പുഴ മഴയോടു പറഞ്ഞു.
"ചുട്ടുപൊള്ളുന്ന എന്റെ നെഞ്ചിലേക്ക് തണുപ്പിന്റെ തുള്ളികൾ കുടയാൻ നിനക്ക് മാത്രമെ കഴിയൂ...."
മഴ കടലിന്റെ വാക്കുകളും കേട്ടു.
ജീവിതത്തിന് പുത്തനുണർവ്വു നൽകുന്ന നിന്റെ തലോടലിനായി ഞാനെത്രനാളായി കൊതിയ്ക്കുന്നു....
മരങ്ങൾ വിലപിയ്കുന്നു.
അകക്കാമ്പിനെ തണുപ്പിച്ച് ഞങ്ങളിൽ പുത്തനുറവകളുയർത്തുന്ന മഴപ്പെണ്ണേ, വാ.... മലകൾ വിളിച്ചുകൊണ്ടിയിരുന്നു.
എനിക്ക് ഭയമാണ് കൂട്ടരെ.... എന്റെ ശരീരം മലിനമാകുന്നത് ഭൂമിയിലെത്തുമ്പോഴാണ്... ഞാൻ ഭയക്കുന്നു....
ഞാൻ .... മഴ മേഘങ്ങൾക്കുള്ളിലേക്കോടി മറഞ്ഞു.

# ജലസാക്ഷരതയില്ലാത്ത കേരളം

സി.ആർ. നീലകണ്ഠൻ

പ്രകൃതിയിലെ മറ്റനേകം ജൈവഘടങ്ങളെ ഘടകങ്ങളെ ആശ്രയിച്ചാണ് വെള്ളം മനുഷ്യന് ലഭ്യമാകുന്നത്. മണ്ണ്, മഴ, വനം, ഭൂഗർഭജലം, പുഴ എന്നിവയെല്ലാം നമുക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. ഇതെല്ലാം നിലനിർത്തിയാൽ മാത്രമെ വെള്ളത്തിന്റെ സ്ഥിരമായ ലഭ്യതയും നിലനിർത്താൻ കഴിയുകയുള്ളൂ എന്ന് തിരിച്ചറിയാത്ത സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. പൈപ്പിലൂടെ വെള്ളം വരുന്നതാണ് നമുക്ക് ജലലഭ്യത. പൈപ്പിലൂടെയും ടാങ്കിലൂടെയും കിട്ടുന്ന വെള്ളത്തിന് പുഴയിലൂടെ വരുന്ന വെള്ളത്തെക്കാൾ മൂല്യം കൽപ്പിക്കുന്നു. പുഴയിലൂടെ വരുന്ന വെള്ളം എത്രയോ പേർക്ക്, എത്രയോ ജീവജാലങ്ങൾക്ക് ഉപകാരപ്പെടുന്നു എന്ന് നമ്മൾ ചിന്തിക്കുന്നില്ല. പൈപ്പ് പൊട്ടിയാൽ നമുക്കത് ലീക്ക് ആണ്. ജലനിരക്ഷരതയുടെ ലക്ഷണമാണിതെല്ലാം. വെള്ളത്തിന്റെ ഉപയോഗം എന്താണ് എന്നറിയാത്തതാണ് മറ്റൊരു പ്രശ്നം. കൃഷി ചെയ്യാത്തതിനാൽ കൃഷിയുമായും ഉപജീവനവുമായും ബന്ധപ്പെട്ട് വെള്ളത്തെ കാണുന്നവർ കേരളത്തിൽ കുറവായിരിക്കും. മലയാളികൾക്ക് വെള്ളം മുഖ്യമായും കുടിക്കാനുള്ളത്. അതിപ്പോൾ പണം കൊടുത്താൽ കുപ്പിയിൽ കിട്ടും. മുല്ലപ്പെരിയാറിലെ വെള്ളം നാളെ തമിഴ്നാട് കേരളത്തിന് തരാമെന്ന് പറഞ്ഞാൽ നമ്മൾ ആകെ ചെയ്യാൻ പോകുന്നത് അത് ഇടുക്കി ഡാമിൽ കൊണ്ടുപോയി സ്റ്റോർ ചെയ്ത് കറണ്ടുണ്ടാക്കും എന്നതുമാത്രമാണ്. അതിനപ്പുറം നമുക്ക് വെള്ളത്തെക്കുറിച്ച് യാതൊരു ധാരണയുമില്ല. അതുകൊണ്ട് വെള്ളം കേരളത്തിൽ ഒരു രാഷ്ട്രീയ പ്രശ്നമല്ല.

പൈപ്പിൽ വെള്ളം വന്നില്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് മുന്നിൽ കുടവുമെടുത്ത് സമരം ചെയ്യുന്നിടത്ത് അവസാനിക്കുന്നു നമ്മുടെ ജലരാഷ്ട്രീയം. ജലസ്രോതസ്സുകൾ നഷ്ടപ്പെട്ടാൽ വാട്ടർ അതോറിറ്റിക്കും വെള്ളം തരാൻ കഴിയില്ല എന്ന കാര്യത്തിലേക്ക് നമ്മുടെ ചിന്ത പോകുന്നില്ല. നമ്മുടെ രാഷ്ട്രീയം അജൈവമാണ് (inorganic politics). മുല്ലപ്പെരിയാർ വിഷയത്തിലെ കേരളത്തിലെ ഇടപെടലുകളിൽ അതാണ് പ്രതിഫലിക്കുന്നത്.


കേരളം മുല്ലപ്പെരിയാറിനെ ഒരു സുരക്ഷാപ്രശ്നം മാത്രമായാണ് കാണുന്നത്. ഡാം ഒരു സുരക്ഷാപ്രശ്നമല്ല. ഡാം പുഴയ്ക്കുണ്ടാക്കിയ നാശം ചർച്ച ചെയ്യുമ്പോൾ മാത്രമെ ജലസാക്ഷരതയുണ്ടെന്ന് പറയാൻ കഴിയുകയുള്ളൂ. ഡാം പൊട്ടിയാലുണ്ടാകുന്ന തകരാറുകളെക്കുറിച്ചാണ് നാം ഇപ്പോൾ ചർച്ച ചെയ്യുന്നത്. ഡാം കെട്ടിയാലുണ്ടാകുന്ന തകരാറുകളെക്കുറിച്ചുകൂടി പറയേണ്ടേ? ഡാം കുഴപ്പമാണെന്നല്ല, വെള്ളം കുഴപ്പമാണെന്നുള്ള ചിന്തയാണ് ഇപ്പോൾ നടക്കുന്ന കോലാഹലങ്ങളിൽ നിന്നും മനസ്സിലാകുന്നത്.

*പൈപ്പിൽ വെള്ളം വന്നില്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് മുന്നിൽ കുടവുമെടുത്ത് സമരം ചെയ്യുന്നിടത്ത് അവസാനിക്കുന്നു നമ്മുടെ ജലരാഷ്ട്രീയം. ജലസ്രോതസ്സുകൾ നഷ്ടപ്പെട്ടാൽ വാട്ടർ അതോറിറ്റിക്കും വെള്ളം തരാൻ കഴിയില്ല എന്ന കാര്യത്തിലേക്ക് നമ്മുടെ ചിന്ത പോകുന്നില്ല. നമ്മുടെ രാഷ്ട്രീയം അജൈവമാണ് (inorganic politics).*

126 വർഷം മുമ്പ് കരാർ ഒപ്പിടുമ്പോൾ ഹരിതവിപ്ലവമൊന്നും കാർഷിക മേഖലയിൽ വന്നിട്ടില്ല. ഹരിതവിപ്ലവത്തിന് ശേഷം കൃഷിക്ക് ആവശ്യമായി വരുന്ന വെള്ളത്തിന്റെ അളവ് കൂടി. അതൊന്നും ചിന്തിക്കാതെ ആവശ്യപ്പെടുന്നത്രയും വെള്ളം കിട്ടണം എന്ന നിലപാടാണ് തമിഴ്നാട് എപ്പോഴും എടുത്തിട്ടുള്ളത്. ഒരേക്കറിന് വേണ്ടി അന്ന് എത്ര വെള്ളം ഉപയോഗിച്ചിരുന്നു എന്നതും ഇന്ന് എത്ര വെള്ളം ഉപയോഗിക്കുന്നു എന്നതും കണക്കാക്കേണ്ടതുണ്ട്. കാർഷികരീതി നിയന്ത്രിക്കുന്നതും നിർണ്ണയിക്കുന്നതും ഇന്ന് സർക്കാരും കമ്പോളവുമാണ്. കർഷകനല്ലല്ലോ ഹരിതവിപ്ലവം വേണമെന്ന് തീരുമാനിച്ചത്. രാസവളം ഉപയോഗിക്കുമ്പോൾ കൂടുതൽ വെള്ളം വേണം.

പുതിയ ഡാം പുതിയ കരാർ എന്നതിനപ്പുറം ജലത്തിന്റെ വിനിയോഗത്തെക്കുറിച്ചുള്ള ഇത്തരം ചർച്ചകളെല്ലാം മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ ഭാഗമായി ഉയർന്നുവരണം. ഡ്രിപ്പ് ഇറിഗേഷൻ പോലെയുള്ള ജലസേചന രീതികൾ പരീക്ഷിക്കുകയാണെങ്കിൽ തമിഴ്നാട് ഇപ്പോൾ ഉപയോഗിക്കുന്നതിന്റെ നാലിൽ ഒന്ന് ശതമാനം വെള്ളം കൊണ്ട് കൃഷി ചെയ്യാൻ കഴിയും. വെള്ളം കിട്ടാതിരിക്കുമ്പോൾ മാത്രമെ അത്തരം തീരുമാനങ്ങളിലേക്ക് ആളുകൾ എത്തുകയുള്ളൂ എന്നൊരു ഗതികേടാണ് നമുക്കുള്ളത്. പുതിയ ഡാം പണിതാൽ ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ വെള്ളം തമിഴ്നാടിന് കൊടുക്കാൻ കേരളം തയ്യാറാകേണ്ടിവരും. കൂടുതൽ വിനാശകരമായ കൃഷി രീതിയിലേക്ക് തമിഴ്നാട് പോകും.

മുല്ലപ്പെരിയാറിനെക്കുറിച്ചുള്ള തീരുമാനങ്ങൾ രാഷ്ട്രീയക്കാർ മാത്രം കണ്ടെത്തേണ്ടതല്ല. പൊതുസമൂഹവും അവരുടെ അഭിപ്രായം സ്വരൂപിക്കേണ്ടതുണ്ട്. ഡാമിന് അനുമതി കിട്ടുമോ എന്നുമാത്രം നോക്കിയിരുന്ന ജനതയാണ് കേരളത്തിലേത്. ജലത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കാത്ത സമൂഹത്തിൽ ഡാമിന്റെ പ്രശ്നങ്ങൾ പറയുന്നവർക്ക് എങ്ങനെ പ്രാധാന്യം കിട്ടും? മഴ കൂടുതൽ പെയ്താൽ എവിടെയെങ്കിലും അണകെട്ടി കൂടുതൽ കറണ്ടുണ്ടാക്കി വൈകുന്നേരത്തെ പവർകട്ട് ഒഴിവാക്കണമെന്ന് ചിന്തിക്കുന്നവരാണ് മലയാളികൾ. എന്തിനാ ഈ മഴയെല്ലാം ഇവിടെ പെയ്യുന്നത്, ഇടുക്കി ഡാമിൽ പോയി പെയ്തിരുന്നെങ്കിൽ കുറച്ച് കറണ്ടെങ്കിലും ഉണ്ടാക്കാമായിരുന്നു എന്ന് എറണാകുളത്ത് മഴ പെയ്യുമ്പോൾ ആളുകൾ പറയുന്നത് ഞാൻ നേരിട്ട് കേട്ടിട്ടുണ്ട്. അത്തരം അജൈവമായ ചിന്തകളുള്ള സമൂഹത്തിൽ ഡാമിനെതിരെയുള്ള ശബ്ദങ്ങൾക്ക് മേൽക്കൈ കിട്ടില്ല. അവനവന്റെ ജീവിതത്തെ ബാധിക്കുന്ന പ്രതിസന്ധി വരുമ്പോൾ മാത്രമാണ് നമ്മൾ ജൈവസാക്ഷരത പ്രകടിപ്പിക്കുന്നത്, പ്ലാച്ചിമട പോലെ. യഥാർത്ഥത്തിൽ അണക്കെട്ട് ഒരു പ്രശ്നമാണ്, പക്ഷേ അതിവിടെ ഒരു പരിഹാരമായാണ് അവതരി



കളിയല്ല പത്തുരൂപാ പുസ്തകങ്ങൾ. ഇതിൽ ജീവിതമുണ്ട്. സാമ്പത്തികശാസ്ത്രമുണ്ട്. വിപണനത്തിന്റെ അറിഞ്ഞിരിക്കേണ്ട നല്ല മാതൃകകളുണ്ട്. ഇവ എഴുതാനും പ്രസാധനം ചെയ്യാനും അത് വിൽക്കാനും വാങ്ങാൻ പോലും വേണം മനസ്സിന് വലുപ്പം..

# പ്രകാശം പരത്തുന്ന പത്തുരൂപാ പുസ്തകങ്ങൾ

**നൗഷാദ് ചാത്തല്ലൂർ**

കയ്യിൽ കുറച്ച് പുസ്തകങ്ങളുമായി ബസ് സ്റ്റാന്റിലും, റെയിൽവെ സ്റ്റേഷനിലും, ആളുകൾ കൂടുന്ന മറ്റെല്ലാ ഇടങ്ങളിലും വിൽപ്പനയ്ക്കായി നടക്കുന്നവരെ ശ്രദ്ധിച്ചിട്ടുണ്ടോ? കുറഞ്ഞ നിരക്കിലുള്ള പുസ്തകങ്ങൾ- പത്തുരൂപ വിലയുള്ളവയായിരിക്കും കൂടുതലും. പുസ്തകത്തിന്റെ ഉള്ളടക്കം ആകർഷകമായി നിർത്താതെ ഉറക്കെ വിളിച്ച് പറഞ്ഞുകൊണ്ടായിരിക്കും ആളുകളുടെ ശ്രദ്ധ ആകർഷിക്കുക. അതു വെറുതെ ശ്രദ്ധിക്കുന്നവരും, അലസമായി കോട്ടുവാ ഇട്ട്, സാമ്പിൾ വായനയ്ക്ക് കൊടുക്കുന്ന പുസ്തകം തുറന്നുപോലും നോക്കാതെ വിശറിയായി ഉപയോഗിക്കുന്നവരും ഉണ്ടാകും. കൂടുതലും പത്തുരൂപ വിലയുള്ള പുസ്തകങ്ങൾ ആയതിനാൽ ഓ.. പത്തുരൂപയല്ലേ, വാങ്ങിക്കളയാം എന്നു കരുതി വാങ്ങുന്നവരും ഉണ്ടാകും. അപ്രതീക്ഷിതമായി പുസ്തകം വായിച്ച് വല്ലാതെ അത്ഭുതപ്പെടുന്നവരും ഉണ്ടാകും. പത്തു രൂപ കൊടുത്ത് കിട്ടിയ വായനാനുഭവം കൊണ്ട് ചിന്തകളെത്തന്നെ- അതുവഴി ജീവിതം തന്നെ പുതുവഴിയിൽ എത്തിയ അനുഭവം ഏറെ.

കളിയല്ല സത്യത്തിൽ ഈ പത്തുരൂപാ പുസ്തകങ്ങൾ. കാര്യഗൗരവമുള്ള വിവിധ വിഷയങ്ങൾ വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയാണീ പുസ്തകങ്ങൾ. അക്ഷരമാല മുതൽ ജ്യോതിഷം, ശാസ്ത്രം, സാഹിത്യം, സഞ്ചാര അനുഭവം, വ്യക്തി വികസനത്തിനുള്ള അറിവുകൾ, ഒറ്റ

പ്പിക്കപ്പെടുന്നത്. ജലസാക്ഷരത നേടുന്നതിലൂടെ മാത്രമെ അണക്കെട്ട് ഒരു പ്രശ്നമാണെന്ന് സമൂഹത്തിന് തിരിച്ചറിയാൻ കഴിയുകയുള്ളു. അണക്കെട്ടുണ്ടാക്കുന്ന പ്രശ്നമല്ല ഇപ്പോൾ പറയേണ്ടത്. അണക്കെട്ടിന്റെ പ്രശ്നത്തിൽ നിന്നും തുടങ്ങിയാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അത് ശരിയായ അർത്ഥത്തിൽ സംവദിക്കപ്പെടണമെന്നില്ല. അണക്കെട്ട് പരിഹാരമല്ലെന്നാണ് ആദ്യം പറയേണ്ടത്.

കേവലം സുരക്ഷാ പ്രശ്നത്തിൽ നിന്നും തുടങ്ങിയ സമരമായിരുന്നു ചപ്പാത്തിലേത്. ജലസാക്ഷരതയിൽ അടിസ്ഥാനമായ സമരമായിരുന്നില്ല. അവർ എന്തെല്ലാം ആവശ്യങ്ങൾക്ക് സമരം ചെയ്താലും രാഷ്ട്രീയപ്പാർട്ടികൾ തീരുമാനിക്കാതെ അവരുടെ സമരം പരിഹരിക്കപ്പെടുകയില്ല. ഭരണകൂടത്തിനാണ് പരിഹാരം കാണാൻ കഴിയുന്നത്. രാഷ്ട്രീയപ്പാർട്ടികൾ സമരത്തിലേക്ക് വരേണ്ടത് അവരുടെയും ആവശ്യമാണ്. 142 അടിയായി ജലനിരപ്പ് ഉയർത്തണമെന്ന ചർച്ച നടക്കുമ്പോഴാണ് ചപ്പാത്തിൽ ജനകീയസമരം തുടങ്ങുന്നത്. 142 അടിയായി ജലനിരപ്പ് ഉയർന്നാൽ ഡാം പൊട്ടാൻ സാധ്യതയുണ്ടെന്നും ജീവൻ അപകടത്തിലാകുമെന്നുള്ള ഭീതിയിൽ നിന്നാണ് അവർ സമരം തുടങ്ങിയത്.

മൂലികൾ, ആരോഗ്യം, ക്ലാസിക്കുകൾ..... അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത എത്രയോ വിഷയങ്ങളാണ് ഇങ്ങനെ വായനക്കാരിലെത്തുന്നത്.

വലിയ വില കൊടുത്ത് വാങ്ങുന്ന വൻകിട പ്രസാധകരുടെ പുസ്തകങ്ങളുടെ അതേ നിലവാരത്തിൽ ഉള്ള ഉള്ളടക്കവുമായി എത്തുന്ന പത്തുരൂപാ പുസ്തകങ്ങൾ ധാരാളം. പത്തുരൂപാ പുസ്തകങ്ങൾ എഴുതി പ്രശസ്തരായവരും ഉണ്ട്. വലിയ എഴുത്തുകാർ തങ്ങളുടെ വിലകുറഞ്ഞ ഈഗോ കാരണം ഇത്തരം പുസ്തകങ്ങൾ എഴുതാൻ മടിക്കുന്നു. കാരണം പത്തുരൂപാ പുസ്തകങ്ങൾ പലർക്കും തന്റെ പേരിന്റെ വില കുറയ്ക്കുമോ എന്ന പേടി. വി.ഐ.പി. എഴുത്തുകാരാകാനാണ് പലർക്കും ആഗ്രഹം. വി.ഐ.പി. പ്രസാധകരല്ലാത്തതും ഒരു കാരണമാണ്.വലിയ വിലയ്ക്ക് വൻകിട പ്രസാധകർ വിറ്റിരുന്ന ക്ലാസിക്കുകൾ പലതും ചെറിയ വിലയിൽ സാധാരണക്കാരനിലേക്ക് എത്തുന്നത് ഈ ലോ കോസ്റ്റ് പുസ്തകങ്ങൾ വഴിയാണ്.

കെട്ടിലും മട്ടിലും ചെറുതും കാര്യമാത്ര പ്രസക്തവുമായതിനാൽ മേനിക്ക് പുസ്തകം വാങ്ങുന്ന ചിലർക്കെങ്കിലും പക്ഷേ, ഈ പുസ്തകങ്ങളോട് താൽപര്യമില്ല. പുസ്തക ഷെൽഫിൽ ഇത്തരം പുസ്തകങ്ങൾക്ക് ഇടം നൽകാൻ പലരും മടിക്കുന്നു. പല എഴുത്തുകാർക്കും വായനക്കാർക്കും ഈ കുഞ്ഞുപുസ്തകങ്ങൾ തൊട്ടുകൂടാൻ പറ്റാത്തതാണ്. എന്നാൽ 'തൊട്ടുകൂടാത്ത' ഈ പുസ്തക കുഞ്ഞൻമാർ ഒരിക്കലും പ്രസാധകർക്ക് നഷ്ടമുണ്ടാക്കുന്നില്ല-മാത്രവുമല്ല എല്ലാവർക്കും ലാഭകരമാണ് താനും. പത്തുരൂപാ പുസ്തകങ്ങൾക്ക് നഷ്ടത്തിന്റെ കണക്ക് അധികം പറയാനുണ്ടാവില്ല.അധികമാർക്കും അറിയില്ല ഇതിന്റെ സാമ്പത്തിക ശാസ്ത്രം. പത്തുരൂപാ പുസ്തകങ്ങൾ മാത്രം പുറത്തിറക്കി പടിപടിയായി വൻകിട പ്രസാധകൻമാരായി മാറിയവരുണ്ട്. അച്ചടിയിലും നിർമ്മാണത്തിലും വിതരണത്തിലും തീർത്തും ചിലവുകുറഞ്ഞ രീതികൾ അവലംബിച്ചാണ് ഇവ മാർക്കറ്റിൽ വിജയം കൊയ്യുന്നത്.

മേനി നടിക്കുന്ന ഒരുപാട് സവർണ്ണ പുസ്തകങ്ങൾ നഷ്ടം സഹിച്ച് പുറത്ത് പറയാതെ പുസ്തകക്കടകളിൽ കെട്ടിക്കിടക്കുമ്പോഴാണ് പത്തുരൂപ പുസ്തകങ്ങൾ 'ബോക്സോഫീസ്' വിജയം നേടുന്നത് എന്നോർക്കണം. മാർക്കറ്റിംഗിന്റെ വലിയ ടെൻഷനുകളും ഇല്ല.

ഒരുപാട് പേർക്ക് തൊഴിൽ നൽകുന്ന ഒരു മേഖലയാണിത്. യാത്രയ്ക്കിടയിൽ അലസനിമിഷങ്ങൾ കേവലം പത്തുരൂപാ കൊണ്ട് അർത്ഥവത്താക്കാൻ ഇതിലും നല്ല മറ്റേത് വഴിയാണുള്ളത്?

കളിയല്ല പത്തുരൂപാ പുസ്തകങ്ങൾ. ഇതിൽ ജീവിതമുണ്ട്. സാമ്പത്തികശാസ്ത്രമുണ്ട്. വിപണനത്തിന്റെ അറിഞ്ഞിരിക്കേണ്ട നല്ല മാതൃകകളുണ്ട്. പത്തുരൂപാ പുസ്തകങ്ങൾ എഴുതാനും പ്രസാധനം ചെയ്യാനും അത് വിൽക്കാനും വാങ്ങാൻ പോലും വേണം മനസ്സിന് വലുപ്പം..





# പ്രായമായ മാതാപിതാക്കളെ എന്തുചെയ്യും?

ചന്ദ്രബാബു തൃക്കലങ്ങോട്

*ഓരോ മലയാളിയുടെ ഉള്ളിലും ഒരു ചോദ്യം താനെ ഉയർത്തുന്നുണ്ട്, എത്ര തന്നെ അടക്കിവെച്ചിട്ടും ആകുലമായി അവ പുറത്തുചാടി കൊണ്ടിരിക്കുന്നു- പ്രായമായ മാതാപിതാക്കളെ എന്തുചെയ്യും? ഇറാനിയൻ ചലചിത്രകാരൻ അസ്ഗർ ഫർസാദിയുടെ നാദിറും സിമിനും ഒരു വിവാഹമോചനം (Nader and Simin, A Seperation) എന്ന സിനിമ നമ്മോട് ഉന്നയിക്കുന്നതും ഈ ചോദ്യം തന്നെ.*

പ്രായമാകുംതോറും മാതാപിതാക്കൾ ഒരു ബാധ്യതയായി മാറുന്നു എന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി എന്ന് പുതിയ തലമുറ പരസ്യമായി പറയാൻ തുടങ്ങിയ ഒരു കാലഘട്ടമാണിത്. അത് ശരിവെക്കുന്ന വിധം തന്നെയാണ് നമ്മുടെ നാട്ടിൽ ഉയർന്നുവരുന്ന വൃദ്ധസദനങ്ങളും, അഗതി മന്ദിരങ്ങളും തെളിയിക്കുന്നത്. ഇതിലെല്ലാം തന്നെ നിമിഷനേരം കൊണ്ട് ആളുകൾ നിറയുന്നു എന്നത് അത്ര വലിയ അത്ഭുതമൊന്നുമല്ല. നിസ്സാരമായ കാരണങ്ങൾ കൊണ്ട് ദിനംപ്രതി തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജീവിതങ്ങളെ കുറിച്ച് നാം പത്രങ്ങളിൽ വായിക്കുന്നതാണ്. ഇതെല്ലാം കൊണ്ടുതന്നെ കേരളം വൃദ്ധരെ കൊണ്ട് വലഞ്ഞുപോയൊരു സംസ്ഥാനമാണെന്ന് തോന്നിപ്പിക്കും വിധമാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇത്തരമൊരു അവസ്ഥ ഓരോ മലയാളിയുടെ ഉള്ളിലും ഒരു ചോദ്യം താനെ ഉയർത്തുന്നുണ്ട്, എത്ര തന്നെ അടക്കിവെച്ചിട്ടും ആകുലമായി അവ പുറത്തുചാടി കൊണ്ടിരിക്കുന്നു- പ്രായമായ മാതാപിതാക്കളെ എന്തുചെയ്യും?

ഇറാനിയൻ ചലചിത്രകാരൻ അസ്ഗർ ഫർസാദി സംവിധാനം ചെയ്ത നാദിറും സിമിനും ഒരു വിവാഹമോചനം (Nader and Simin, A Seperation) എന്ന സിനിമ നമ്മോട് പറയുന്നതും ഈ വിഷയം തന്നെയാണ്. മകൾ തെർമയുമൊത്ത് ഇറാൻ വിട്ട് ജീവിതം കൂടുതൽ ശോഭനമാകണമെന്ന ആഗ്രഹം തന്റെ ഭർത്താവ് നാദിറുമൊത്ത് പങ്കുവെയ്ക്കുന്നിടത്താണ് ചിത്രം ആരംഭിക്കുന്നത്. തന്റെ വൃദ്ധനും അൽഷിമേഴ്സ് ബാധിതനുമായ പിതാവിനെ ഉപേക്ഷിച്ച് തനിക്കൊരിക്കലും സിമിന്റെ ആഗ്രഹപ്രകാരം ഇറാൻ ഉപേക്ഷിച്ച് വരാൻ കഴിയില്ലെന്ന് നാദിർ ഉറപ്പിച്ചു പറയുന്നതോടെ ഇരുവരും വിവാഹമോചനത്തിന്റെ വക്കിലേക്ക് നീങ്ങുകയാണ്. ബോധപൂർവ്വമല്ലാതെ തന്നെ നാദിറിന്റെ വൃദ്ധപിതാവ് ഇവരുടെ വിവാഹമോചനത്തിന് ഹേതുവാകുകയാണ്.

വാർദ്ധക്യത്തിന്റെ വിവശതയും, അൽഷിമേഴ്സ് എന്ന രോഗവും കൂടിച്ചേർന്ന് നാദിറിന്റെ പിതാവ് കാണിക്കുന്ന ചേഷ്ടകൾ പ്രേക്ഷകരിൽ തമാശ സൃഷ്ടിക്കുമ്പോഴും ഉള്ളിൽ ഒരുതരം നീറ്റൽ അതുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ചിത്രം കണ്ടിറങ്ങുന്ന പ്രേക്ഷകർ ഒന്നടങ്കം വൃദ്ധ കഥാപാത്രത്തിന്റെ അഭിനയത്തെക്കുറിച്ച് വാചാലരാവുന്നത്.

സിമിന്റെ ആഗ്രഹം സാധിക്കാതെ വരികയും, കോടതി വിവാഹമോചനം നീട്ടിവെക്കുകയും ചെയ്യുന്നതോടെ സിമിൻ തന്റെ മാതാപിതാക്കളുടെ അടുത്തേക്ക് താമസം മാറ്റുന്നു. പക്ഷേ മകൾ തെർമ മാതാവിനോടൊപ്പം പോവാതെ മുത്തച്ഛനെ പരിചരിക്കാൻ പിതാവിനെ സഹായിക്കുകയാണ്. പുത്തൻ തലമുറകളിൽ പൂർണ്ണമായും വൃദ്ധരോടുള്ള കരുണ വറ്റിയിട്ടില്ലെന്നതിന്റെ ചെറിയ ഒരു തെളിനീരുറവായി തെർമ എന്ന കഥാപാത്രത്തെ ചൂണ്ടിക്കാണിക്കാനാവുന്നതാണ്. ഭാര്യ ഉപേക്ഷിച്ചു പോയതോടുകൂടി പിതാവിന്റെ ശ്രുശ്രൂഷ ഒരു വെല്ലുവിളിയായി നാദിറിനുമുന്നിൽ മാറുകയാണ്. പിതാവിനോടുള്ള സ്നേഹവും ബഹുമാനവും കൊണ്ട് തന്നെ ഏറെ ശ്രദ്ധയും ക്ഷമയും ആവശ്യമുള്ള പരിചരണത്തിലേക്ക് നാദിർ വളരെ വേഗത്തിൽ ഇഴുകിച്ചേരുന്നുണ്ട്. നാദിർ തന്റെ വൃദ്ധപിതാവിനോട് കാണിക്കുന്ന സ്നേഹം ഏത് മാപിനി കൊണ്ടാണ് അളന്നു തിട്ടപ്പെടുത്തുക? എന്ന സംശയം പ്രേക്ഷകനിലുണ്ടാകുന്നുണ്ട്.

തന്റെ ജോലിയും തെർമയുടെ വിദ്യാഭ്യാസവും താളം തെറ്റാൻ തുടങ്ങുന്നതോടുകൂടി പിതാവിനെ ശ്രുശ്രൂഷിക്കാൻ ഒരു ജോലിക്കാരിയെ നിയമിക്കുന്നു. പരിചാരികയായ സ്ത്രീയെ സ്നേഹപൂർവ്വം സിമിൻ എന്ന് വിളിച്ച് അവശതയോടെ കൈകൾ ചേർത്തുപിടിക്കുമ്പോൾ ആ വൃദ്ധനിലെ മറവിയുടെ കാണാക്കയങ്ങളിലും നിലതെറ്റാതെ തന്റെ മരുമകളോടുള്ള സ്നേഹം പ്രകടമാകുന്നത് പ്രേക്ഷകനിൽ ഒരു നോവായി പടർന്നുപിടിക്കുന്നു. ഗർഭാവസ്ഥ മറച്ചുവെച്ച പരിചാരികയിൽ നിന്നുണ്ടാകുന്ന നീതീകരിക്കാനാവാത്ത ചില പ്രവൃത്തികളെ തുടർന്ന് അവളെ ഒഴിവാക്കാൻ നാദിർ തീരുമാനിക്കുന്നതും അതിനിടയിൽ അവളുടെ ഗർഭഛിദ്രം നടക്കുകയും അതിന്റെ ഉത്തരവാദിത്വം അറിയാതെ നാദിറിൽ വന്നുചേരുകയുമാണ്. ഇറാനിൽ കൊലപാതകം പോലെ തന്നെ കുറ്റകരമാണ് ഗർഭഛിദ്രവും, അതുകൊണ്ടുതന്നെ അതിനുത്തരവാദിയായ നാദിർ കൊലപാതകിയായി ചിത്രീകരിക്കപ്പെടുന്നു. തന്റെ നിരപരാധിത്വം തെളിയിക്കാതെ ശിക്ഷിക്കപ്പെടുമെന്ന ഘട്ടത്തിൽ പരിചരണം ലഭിക്കാതെ കഷ്ടപ്പെടേണ്ടിവരുന്ന തന്റെ പിതാവിനെ ചൊല്ലി മാത്രമാണ് നാദിർ ആശങ്കപ്പെടുന്നത്.

ശിക്ഷയിൽ നിന്നും രക്ഷപ്പെട്ട നാദിർ സിമിനോടൊപ്പം കോടതിവരാന്തയിലെ ബെഞ്ചിലിരുന്ന് വിവാഹമോചനത്തിന്റെ വിധിക്കായ് കാത്തിരിക്കുന്നിടത്ത് സിനിമ അവസാനിക്കുകയാണ്. തിയേറ്റർ വിട്ട് പുറത്തിറങ്ങുന്ന ഓരോ പ്രേക്ഷകനിലും ആ പഴയ ചോദ്യം വീണ്ടുമുയരുകയാണ്.

പ്രായമായ മാതാപിതാക്കളെ എന്തുചെയ്യും?

**(16-ാം കേരള രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ച 'Nader and Simin, A Seperation' എന്ന സിനിമയുടെ പ്രേക്ഷകാനുഭവം)**

# മരണഭയത്തെ പിടിച്ചുകെട്ടാൻ കുഞ്ഞുകാര്യങ്ങൾ



ബിജൂജോൺ

**ഒ.എൻ.വി. എഴുതിയ 'മുത്തിയും ചോഴിയും' കവിതയെ മുൻനിർത്തി ചില ചിന്തകൾ**

തൊണ്ണൂറ്റി മൂന്നാം വയസ്സിൽ മരിച്ച എന്റെ വല്യമ്മച്ചി ഏലിയാമ്മ മരണത്തെ ഭയപ്പെട്ടിരുന്നില്ല. ഏത് സമയത്തും വരാവുന്ന മരണത്തെ കാത്ത് ഉന്മേഷവതിയായി കഴിയുമ്പോഴും ദിവസവും ചെയ്തുതീർക്കുവാനുള്ള നൂറുകൂട്ടം കാര്യങ്ങളിൽ അമ്മച്ചി വ്യാപൃതയായിരുന്നു. തൊടിയിലും വീട്ടിലും സദാ ജോലികൾ ചെയ്ത് ജോലികളിൽ ആനന്ദം കണ്ടെത്തിയ അവർ ജീവിതത്തിൽ, നിരന്തരം കർമ്മം ചെയ്യുക തന്നെയാണ് ധ്യാനം എന്ന് പറഞ്ഞിരുന്ന രമണ മഹർഷി എന്നൊരാളെക്കുറിച്ച് കേട്ടിട്ടേയില്ല. ഏതെങ്കിലും മെഡിറ്റേഷൻ സെന്ററിൽ പോയി അഭ്യസിക്കാതെ, സ്വന്തം ജീവിതത്തിൽ സ്വായത്തമാക്കിയ കർമ്മനിരത കൊണ്ട് അവർ ജീവിതത്തെ മഹാധ്യാനമാക്കി.

ഇതൊരു അത്ഭുതമായിരുന്നു. ഒരേ സമയം മരണത്തെ സദാ പ്രതീക്ഷിക്കുക. എന്നാൽ ആ ഘട്ടത്തിലും (കുഴിയിലേക്ക് കാലും നീട്ടി എന്ന് നാം പറയാറുള്ള കാലം) ജീവിതത്തെ അഗാധമായി സ്നേഹിക്കുക. നമ്മുടെ പഴയ തലമുറയിലെ ആളുകൾക്ക് സാധിച്ചിരുന്ന മഹാകാര്യം! ശാരീരികമായി അവശനിലയിലായിരിക്കുമ്പോഴും വീടും പറമ്പും അടിച്ചുവാരുക, അടുക്കളയിൽ തങ്ങൾക്ക് മാത്രം കഴിയുന്ന സവിശേഷമായ പാചക പരിപാടികൾ! മാങ്ങയും മറ്റുമൊക്കെ ഉപ്പിലിട്ടും ഉണക്കിയും സൂക്ഷിച്ചുവെക്കുക, വർഷകാലത്തേക്ക് ഓലമടലും വിറകും ശേഖരിച്ച് കെട്ടിവെക്കുക, മഴയ്ക്കു മുമ്പേ കുറച്ച് തേങ്ങ കൂടി പൊട്ടിച്ച് കൊപ്രയാക്കി എണ്ണയാട്ടുക.... അങ്ങനെ അതിസൂക്ഷ്മമായും ജാഗ്രതയോടും അവർ വ്യാപരിക്കുന്ന മേഖലകൾ എത്ര! മരണം തൊട്ടുമുന്നിൽ വന്നു നിൽക്കുമ്പോഴും മാവിൻ തൈയും തെങ്ങിൻ തൈയുമൊക്ക പറമ്പിൽ വെച്ച് പിടിപ്പിച്ച് പരിപാലിക്കുന്ന ആ മനോഭാവത്തിന് മുന്നിൽ നമസ്കരിക്കണം.

എന്താണിതിന്റെ രഹസ്യം? വർത്തമാനത്തിൽ ആണ്ടിറങ്ങാൻ പ്രായമായവർ ചെയ്യുന്നതാണീ നൂറുകൂട്ടം കാര്യങ്ങൾ.

ഓരോ നിമിഷവും വെറുതെയിരിക്കാതെ ചൂലും തൂമ്പയും മറ്റുമൊക്കെയായി ഓരോ നിമിഷത്തിലും ആഴ്ന്ന് ജീവിക്കുന്നതാണ് എല്ലാ ഭയങ്ങളെയും ആശങ്കകളെയും ദു:ഖങ്ങളെയും അതിജീവിക്കുന്നതിനുള്ള വഴികൾ എന്ന് നമ്മുടെ മുത്തച്ഛൻമാരും മുത്തശ്ശിമാരും മനസ്സിലാക്കിയിരുന്നു.

1999 ൽ ഒ.എൻ.വി എഴുതിയ 'മുത്തിയും ചോഴിയും'വീണ്ടും വായിക്കുമ്പോൾ ഇത്തരം ചിന്തകളാണ് മനസിലെത്തുന്നത്. കവിത മരണത്തിന്റെ തൊട്ടുമുന്നിലും തന്നെ കൂട്ടിക്കൊണ്ടുപോവാനെത്തിയ ചിത്രഗുപ്തനോടും "മക്കളെ" എന്ന വിളിച്ച് കളിതമാശകൾ പറഞ്ഞ് വെറ്റില മുറുക്കുന്നതിലും, തിരുവാതിര പാടിക്കളിക്കാനും, ഊഞ്ഞാലാടാനും, പൊത്തിക്കുളിക്കാൻ എണ്ണ തിരഞ്ഞും, ചുറ്റാൻ പഴയ മുണ്ട് തിരഞ്ഞും, തിരുവാതിരയ്ക്കു കുറുക്കി കഴിക്കുവാൻ ഒരു നുള്ള് കൂവ്വപ്പൊടി തിരഞ്ഞും.... അങ്ങനെ മോഹങ്ങളുടെ നീളുന്ന പട്ടികകളുമായി മുത്തിയമ്മ എന്ന മുത്തശ്ശിയെയാണ് കവിതയിൽ അവതരിപ്പിക്കുന്നത്.

നിളാതീരത്തെ ഒരു കുഗ്രാമത്തിലെ തറവാട്ടുമുറ്റത്ത് അരങ്ങേറിയ പഴയൊരു നാടൻ കളിയുടെ പശ്ചാത്തലത്തിലാണ് കവിത. കളിയിലെ കഥാപാത്രങ്ങളാണ് മുത്തിയും ചോഴിയും. മുത്തിയമ്മയെ കാലനൂർക്ക് കെട്ടിയെടുക്കാൻ വരുന്ന സാക്ഷാൽ കാലൻ തന്നെയാണ് ചോഴി. ചിത്രഗുപ്തനും പരിവാരങ്ങളും മുത്തിയമ്മയെ വിടാതെ പിന്തുടരുന്നു. കാഴ്ചയും കേൾവിയും മങ്ങിയെങ്കിലും മുത്തിയമ്മയ്ക്ക് ഈ മണ്ണ് വിട്ട് പോവാൻ ഇഷ്ടമില്ല.

'കാഴ്ചയില്ലെങ്കിലെന്ത് കേൾവിയില്ലെങ്കിലെന്ത്
മുത്തി തൻ മോഹങ്ങളെന്നല്ലോ, നൂല്
പൊട്ടാതെ പാറുന്ന പട്ടങ്ങൾ' എന്ന് കവി.

സ്വർഗ്ഗത്തേക്ക് ചോഴി എന്ന ചിത്രഗുപ്തൻ വിളിക്കുന്നു. കൈക്ക് പിടിച്ച് വലിക്കുന്നു. മുത്തി ആ കൈ തട്ടിമാറ്റുന്നു. "മക്കളെ വെറ്റിലയുണ്ടെങ്കിൽ തന്നാട്ടെ" എന്ന് മുത്തി. മുത്തി ജീവിതത്തിന്റെ ആഘോഷങ്ങളിലാണ്.

പാതിരപ്പൂ ചൂടാൻ മുത്തിയുണ്ടോ, തിരു-
വാതിരക്കുമ്മി കളിക്കാനും!

വീര വിരാടകുമാര വിഭോ എന്ന് പാടി ഒരു പെൺകുട്ടിയെപ്പോലെ കുമ്മിയടിക്കുകയാണ് മുത്തി.

മുത്തിയൊരാനന്ദ മൂർത്തിയായി!-
വറ്റാത്ത വാഴ്‌വിൻ ലഹരിയായി!-

ഒടുവിലിതാ ചോഴിയായ് വന്ന ചിത്രഗുപ്തനും പരിവാരങ്ങളും മുത്തിയോടൊപ്പം കളിക്കുന്നു. "...വീരാ വീരാടകുമാര വിഭോ...." ഒടുവിൽ ദൗത്യത്തെ കുറിച്ച് ഓർമ്മ വന്ന ചിത്രഗുപ്തൻ മുത്തിയെ വീണ്ടും പിടിത്തമിടുന്നു. സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാൻ ധൃതിവെയ്ക്കുന്ന ചിത്രഗുപ്തനോട് മുത്തി പറയുകയാണ്. "ഇത്തിരിയൊന്നു മുറുക്കട്ടെ! ചെയ്തിട്ടും ചെയ്തിട്ടും തീരാതെ ചെയ്യുവാനുണ്ടിനി നൂറ് കൂട്ടം. ആറ്റിൽ തുടിച്ച് കളിച്ചില്ല. കൂട്ടുകാരുമൊത്ത് പൂ ചൂടിയില്ല! ഈറൻ മാറാതെ നേരെ പോയ് ശ്രീപാർവ്വതിയെ തൊഴുതില്ല! ശീലാവതിപ്പാട്ടിന്റെ ശീല് മൂളി ഊഞ്ഞാൽ നന്നായിട്ടൊന്നാടിയില്ല. ഉണ്ണിക്ക് കൂവ്വ കുറുക്കിയതും കുന്നൻ പഴവും കൊടുത്തില്ല. ആതിരനോമ്പുള്ള ചെറുവാല്യക്കാരൊത്ത് ഗോതമ്പുകഞ്ഞി കുടിച്ചില്ല. കണ്ടിട്ടും കണ്ട് മതിവരാതെ, കേട്ടിട്ടും കേട്ടു മതിവരാതെ, സ്വർഗ്ഗത്തേക്കായാലും പോകാൻ വയ്യ". ഒടുവിൽ ചോഴി മുത്തിയെ പിടികൂടുക തന്നെ ചെയ്തു. കുട്ട്യോൾക്കെന്തൊരു കുസൃതി എന്ന മട്ടിൽ മുത്തി പോവുകയാണ്.

ദൈനംദിന ജീവിതത്തിന്റെ ഏറ്റവും സാധാരണമായ കാര്യങ്ങളിലും മനസ്സർപ്പിച്ച് ഓരോ ചെറിയ സന്തോഷങ്ങളിലും മതിമറന്ന് ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദിക്കുന്നതിന്റെ ആനന്ദം തന്നെയല്ലാതെന്താണ് ജീവിതത്തിന്റെ അർത്ഥം? ജനനം പോലെ മരണവും ഒരു കളിയായി കാണാൻ മുത്തിയമ്മ നമ്മെ പഠിപ്പിക്കുന്നു.

# മിതഭാഷിത്വവും റേഡിയോയും

*റേഡിയോ*

കെ.എം.നരേന്ദ്രൻ

ടെലിവിഷൻ പോലുമെത്താത്ത നാട്ടിൻപുറത്തെ സാധാരണക്കാരനും ടെലിവിഷൻ മടുത്ത് അതിനപ്പുറത്തേക്കു കടന്നവരുമായിട്ടുള്ള, രണ്ട് ധ്രുവങ്ങളിൽ ഉള്ളവരാണ് റേഡിയോ ശ്രോതാക്കൾ. വിഷ്വൽ മാധ്യമങ്ങളെ പാശ്ചാത്യ രാജ്യങ്ങൾ പുറംതള്ളിക്കൊണ്ടിരിക്കുകയാണ്. അവിടങ്ങളിൽ വാർദ്ധക്യത്തിൽ എത്തിയവർ മാത്രമാണ് ടി.വി.ക്കു മുന്നിലിരിക്കുന്നത്. ആധുനിക ലോകത്ത് പലപ്പോഴും ആളുകൾ ഫ്രീ ആകുന്നത് ട്രാഫിക് ജാമിൽ മാത്രമാണ്. ഇത്തരം സന്ദർഭങ്ങളിൽ അവർക്കു കൂട്ടാവുന്നത് റേഡിയോ മാത്രമാണ്.

റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ചിലവുകൾ കുറഞ്ഞുവരികയാണ്. ട്രാൻസ്മിഷൻ, ടെക്നിക്കൽ ചിലവുകൾ എന്നിവയെല്ലാം വളരെ ഏറെ കുറഞ്ഞിട്ടുണ്ട്. ഏറ്റവും എളുപ്പത്തിലും സൗകര്യപ്രദമായ വിധത്തിലും കൈകാര്യം ചെയ്യാവുന്ന ലളിതമായ ഉപകരണങ്ങളാണ് റേഡിയോ സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നത്. എന്നാൽ പുതിയ സ്റ്റേഷനുകൾക്കൊന്നും തന്നെ ശബ്ദത്തെ ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് അറിയില്ല. ആകാശവാണി ചെയ്യുന്നതിൽ നിന്നും മാറ്റം വരുത്തുക എന്ന് മാത്രമാണ് അവർ ചിന്തിച്ചത്. വർഷങ്ങളുടെ പരിചയത്തിൽ നിന്നാണ് ആകാശവാണി അതിന്റെ മിതഭാഷിത്വം വികസിപ്പിച്ചത്.

മിതഭാഷിത്വം മാത്രമേ ദീർഘകാലം മനസ്സിൽ തങ്ങി നിൽക്കുകയുള്ളു. അതുകൊണ്ടുതന്നെയാണ് പുതിയ എഫ്.എം. ചാനലുകളെ ജനം കയ്യൊഴിഞ്ഞത്. അത്തരം ചാനലുകൾ ഗുണപരമെന്ന് വിശ്വസിച്ച് ചെയ്യുന്നതെല്ലാം പൊള്ളയായ കാര്യങ്ങളാണ്. അവർക്ക് പുറം പകിട്ട് മാത്രമെയുള്ളൂ. ആഴമില്ലായ്മയെ ആദർശവൽക്കരിക്കാനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങൾക്കിഷ്ടം അഗാധതയാണ്. അത്തരം എഫ്.എം. ചാനലുകൾ ടി.വി. ചാനലുകളെ പിന്തുടർന്ന് പ്രത്യേകഭാഷ പോലും സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ടീനേജുകാർ എല്ലാം വിടുവായത്വമുള്ളവരാണ് എന്നാണ് അവരുടെ പക്ഷം. കൗമാരപ്രായക്കാർ വെറു വിഡ്ഢികളല്ല. ഇത്തരം ചാനലുകളിലൂടെ സ്വയം അപഹാസ്യരാവുന്നത് തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അത്തരം സ്വകാര്യ ചാനലുകൾ സ്വയം മിസ്‌ലീഡ് ചെയ്യുകയാണ്.


*മിതഭാഷിത്വം മാത്രമേ ദീർഘകാലം മനസ്സിൽ തങ്ങി നിൽക്കുകയുള്ളൂ. അതുകൊണ്ടുതന്നെയാണ് പുതിയ എഫ്.എം. ചാനലുകളെ ജനം കയ്യൊഴിഞ്ഞത്. അത്തരം ചാനലുകൾ ഗുണപരമെന്ന് വിശ്വസിച്ച് ചെയ്യുന്നതെല്ലാം പൊള്ളയായ കാര്യങ്ങളാണ്. അവർക്ക് പുറം പകിട്ട് മാത്രമെയുള്ളൂ.*

## ആകാശവാണി പഴങ്ങളെക്കുറിച്ച് ...

ആകാശവാണിയുടെ കേരളനിലയങ്ങൾ ജനുവരി മൂന്നുമുതൽ അമൃതം മധുരം ഈ നവഫലങ്ങൾ എന്ന കൃഷിപാഠപരമ്പര ആരംഭിക്കുന്നു. റമ്പൂട്ടാൻ,ഫിലാസൻ,ദുരിയാൻ,മങ്കോസ്റ്റിൻ,നോനി,മിറക്കിൾ ഫ്രൂട്ട്,അനോന,ലീച്ചി,ബട്ടർ പഫ്രൂട്ട്, തുടങ്ങിയ 12 ഇനം പഴങ്ങളെക്കുറിച്ചുള്ള സമഗ്ര വിവരങ്ങളും ഉൾക്കൊള്ളുന്നതാണ് 32 അധ്യയങ്ങളുള്ള ഈ പരമ്പര. ചൊവ്വ,വെള്ളി, ദിവസങ്ങളിൽ വൈകിട്ട് 6.30 നുള്ള വയലും വീടും പരിപാടിയിലാണ് പര്പാടി. ഏപ്രിൽ 24 ന് സമാപിക്കും.

---

## നുറുങ്ങുവെട്ടം



*സമ്പാദക: കാവ്യകാതറിൻ*

*നമ്മുടെ ഇടയിലും നമുക്കുമുമ്പും ജീവിച്ചവരും മൺമറഞ്ഞവരുമായ സാധാരണക്കാരായ നമ്മുടെ ഗുരുക്കൻമാരും മാതാപിതാക്കളും നാട്ടുകാരണവൻമാരും പറഞ്ഞുതന്ന എത്രയോ ജീവിത സത്യങ്ങൾ..! ഏത് ആധുനിക കാലത്തും ജീവിതത്തിൽ വഴിവിളക്കാവുന്ന അത്തരം ഉപദേശമന്ത്രങ്ങൾ നിങ്ങൾക്കും പങ്കുവെയ്ക്കാം.*

### ഇത് വരുംതലമുറയ്ക്ക്

തിന്നുകഴിഞ്ഞ മാങ്ങയുടെ അണ്ടി ദൂരേയ്ക്ക് വലിച്ചെറിഞ്ഞപ്പോൾ വല്യപ്പൻ കൊച്ചുമകനെ വിലക്കി. മാങ്ങയണ്ടി അലക്ഷ്യമായി വലിച്ചെറിയുന്നതിന് പകരം ഒരു കുഴി കുത്തി അത് മണ്ണിലാക്കിയാൽ അതൊരു മരമായി അതിൽ നിന്നെത്ര മാങ്ങ പറിക്കാം. ഇതുപറഞ്ഞ് വല്യപ്പൻ പതുക്കെ ഇറങ്ങി കൊച്ചുമകൻ വലിച്ചറിഞ്ഞ മാങ്ങായണ്ടി എടുത്ത് ഒരു എടുത്ത് അതിൽ പാകി. എൺപതു വയസ് വല്യപ്പന് ഈ വിത്തുമുളച്ച് മരമായി കായ്കൾ ഉണ്ടായാൽ അതു പറിക്കാൻ ആയുസ്സുണ്ടാവുമോ? കൊച്ചുമകൻ ആലോചിച്ചു. തനിക്കൊരിക്കലും അതിന്റെ ഫലം അനുഭവിക്കാൻ കഴിയില്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് വല്യപ്പൻ അതു ചെയ്തത്. വരും തലമുറയ്ക്ക് അനുഭവിക്കാൻ ഇന്നേ മുൻകൂട്ടി കാര്യങ്ങൾ ചെയ്യുന്ന ദീർഘവീക്ഷണം. ഒറ്റമുണ്ടും ധരിച്ച് തൂമ്പയും കൈകാലുകളും വൃത്തിയാക്കുന്ന വല്യപ്പൻ വലുപ്പം വെച്ച് ആകാശത്തോളം എത്തി നിൽക്കുന്നതായി കൊച്ചുമകന് തോന്നി.

### അവനവന്റെ വാക്ക്

പറഞ്ഞ വാക്കുപാലിക്കുന്ന സ്വഭാവം പാപ്പിയുടെ ജീവിതത്തിലില്ലായിരുന്നു. അപ്പച്ചൻ ഉപദേശിച്ചപ്പോൾ പാപ്പി പറഞ്ഞു. അവനവന്റെ വാക്കല്ലേ അവനവന് മാറ്റാൻ പറ്റൂ . അതുകേട്ട് അപ്പച്ചൻ ഒന്നു ചിരിച്ചു. അവനവന്റെ വാക്കിന് അവനവൻ വില നൽകിയില്ലെങ്കിൽ ആരെങ്കിലും വില കൊടുക്കുമോ? അപ്പച്ചന്റെ ചോദ്യത്തിന് മുമ്പിൽ പാപ്പി തലകുനിച്ചു.

### നൂറ് രൂപ നൂറ് പുല്ല്!

താഴെ വീണ ഒരു രൂപ കുനിഞ്ഞെടുക്കാൻ മടിച്ച പാപ്പിയോട് അപ്പച്ചൻ പറഞ്ഞു. മോനെ ഒരു രൂപാ വെറുതെ കളയുന്നതെന്തിനാ . ഓ ഒരു രൂപയല്ലേ. അത് വെറും ഒരു പുല്ല് . പാപ്പി പറഞ്ഞു. മോനേ നൂറ് രൂപാ താഴെ വീണാൽ നീ എടുക്കില്ലേ? ഓ എടുക്കും . ഒരു രൂപ ഒരു പുല്ലാണെങ്കിൽ നൂറു രൂപ നൂറ് പുല്ലല്ലേ? പാപ്പി നിശ്ശബ്ദനായി.




## മുസ്‌ലി പവർ മൈനസായി

***മുസ്ലി പവർ പരസ്യം നിരോധിച്ചു.***

വ്യാജ പരസ്യങ്ങൾ വഴി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു എന്ന് ചൂണ്ടിക്കാണിച്ച പി. യു.സി. എൽ. നടത്തിവന്ന പോരാട്ടം ഫലം കണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ ഡിസംബർ 17ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ കേരള സർക്കാർ മുസ്‌ലി പവർ പ്ലസ് എന്ന ഉൽപ്പന്നത്തിന്റെ എല്ലാ വിധത്തിലുമുള്ള പരസ്യങ്ങളും നിരോധിച്ചിരിക്കുന്നു.

### നെൽകൃഷിയിറക്കി കൃഷിഓഫീസർമാരും.

തൃശൂർ ജില്ലയിൽ ചേലക്കരയിൽ കൃഷിഓഫീസർമ്മാർ പാടം പാട്ടത്തിനെടുത്ത് നെൽകൃഷിയിറക്കി മാതൃകയാവുന്നു.

പഴയന്നൂർ ബ്ലോക്കിലെ ആറു കൃഷി ഭവനുകളിലെ കൃഷി ഓഫീസർമ്മാരും ജീവനക്കാരും ആണ് പാടത്ത് പുതു മാതൃക തീർത്തത്.

---

***ആദിമധ്യാന്തം സിനിമ സംവിധാനം ചെയ്ത സംവിധായകൻ ഷെറി ചോദിക്കുന്നു***

## സിനിമയ്ക്കെന്തിനാണ് മുടക്കുമുതൽ?



*ഒരു ലക്ഷം രൂപയ്ക്ക് 30 മിനുട്ട് ദൈർഘ്യമുള്ള ഹ്രസ്വചിത്രം ഉണ്ടാക്കാമെങ്കിൽ 90 മിനുട്ട് ദൈർഘ്യമുള്ള സിനിമ എന്തുകൊണ്ട് മൂന്നുലക്ഷം രൂപയ്ക്ക് നിർമ്മിച്ചുകൂടാ എന്നൊരു ചിന്തയായിരുന്നു ആദ്യം മനസ്സിൽ ഉണ്ടായിരുന്നത്. അങ്ങനെയെങ്കിൽ ഈ മൂവ്മെന്റ് കൂടുതൽ ജനകീയമാകും. നമ്മളൊന്നും വന്നില്ലായെങ്കിൽക്കൂടിയും അതിന്റെ ക്ലാസിക്കൽ ചട്ടക്കൂടുകൾ (റഹ്മാൻ മാഷിന്റെ പ്രയോഗം) ലംഘിക്കപ്പെടാൻ പോകുകയാണ്. അതിന്റെ നിർമ്മാണ സാമ്പത്തിക ശാസ്ത്രം പൊളിയാൻ പോകുകയാണ്. മലയാള സിനിമയുടെ ഇന്നു പറയുന്ന പ്രതിസന്ധിയും ഇല്ലാതാകും. പുതിയ കാലത്തിനും പുതിയ തലമുറയ്ക്കും പിന്തുടരാൻ പറ്റുന്ന ഒരു രീതിയായിരിക്കും അത്. സീറോ ബജറ്റ് ഫിലിം മേക്കിംഗ് എന്നൊക്കെ പറയുന്ന രീതി പുതിയൊരു മാതൃകയായിരിക്കും. മുടക്കുമുതൽ സാറ്റലൈറ്റ് റൈറ്റിലൂടെ ഉടനെ തിരിച്ചുകിട്ടുകയാണെങ്കിൽ ആർക്കും മനസ്സിലുള്ള സിനിമിയെടുക്കാനുള്ള സാഹചര്യമുണ്ടാകും. ഏറ്റവും പൈസ ആവശ്യമായി വരുന്ന ഫിലിമിന് പകരം ഒരു ചിപ്പും കേവലം 75,000 രൂപ വിലവരുന്ന ഒരു 5D ക്യാമറയും സഹകരിക്കുന്ന ആർട്ടിസ്റ്റുകളുമുണ്ടെങ്കിൽ സിനിമയ്ക്കെന്തിനാണ് മുടക്കുമുതൽ?*

## സാക്രട്ടീസിന്റെ ഭൂപട ധ്യാനം



അഹന്ത കൊണ്ട് നെഗളിച്ചു നടന്ന ഒരു ധനികൻ സോക്രട്ടീസിനെ കാണാൻ വന്നു. സോക്രട്ടീസ് അയാൾക്കു മുമ്പിൽ ലോകത്തിന്റെ ഭൂപടം നിവർത്തിവെച്ചു. അതിൽ ഒരു സ്ഥലത്ത് വിരലുകൊണ്ട് തൊട്ടുകൊണ്ട് സോക്രട്ടീസ് അയാളോട് ചോദിച്ചു. "ഇത് ഏതാണ് സ്ഥലം?" ഭൂപടം നോക്കി ധനികൻ പറഞ്ഞു. "ഏഥൻസ്". സോക്രട്ടീസ് വീണ്ടും ചോദിച്ചു. "ഇതിൽ എവിടെയാണ് താങ്കൾ?" ധനികനായ ആ മനുഷ്യൻ ഒരു നിമിഷം ഭൂപടത്തിലേക്ക് നോക്കി. പിന്നെ മൗനിയായി തലകുനിച്ചു. നിഷ്കളങ്കതയോടെ സോക്രട്ടീസിന്റെ കണ്ണുകളിലേക്ക് നോക്കി. അയാളിലെ അഹന്ത പതിയെ അലിഞ്ഞുതുടങ്ങിയിരുന്നു. സോക്രട്ടീസ് തലകുനിച്ചു നിന്ന ആ മനുഷ്യന്റെ മുഖം പിടിച്ചുയർത്തി പതുക്കെ മൊഴിഞ്ഞു. "അഹന്ത പിടിപെടുമ്പോൾ അതില്ലാതാക്കാൻ ഇതാണ് വഴി. ലോകഭൂപടത്തിലേക്ക് ഒന്നു നോക്കുക. അതിൽ ഞാനെവിടെയാണെന്ന് കണ്ടെത്തുക!"

---

***പോസ്റ്റാഫീസ് സന്ദർശിക്കുക!***

*. 100 രൂപ അയച്ചുതന്ന് ദയവായി സഹായിക്കു. ഇന്നുതന്നെ പോസ്റ്റോഫീസ് സന്ദർശിക്കുക!*

***–ലിറ്റിൽ മാസിക, ചുങ്കത്തറ, മലപ്പുറം–679334***

Rs.10/- Little Masika January 2012 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12






## ഹജ്ജുമ്മ

ആരിൽ നിന്നും പ്രചോദനമോ പ്രേരണയോ കൂടാതെ സ്വന്തമായി എടുത്ത ചില തീരുമാനങ്ങളും ജീവിത രീതിയും ഹജ്ജുമ്മയ്ക്കുണ്ട്. കോഴിക്കോട് ചേവായൂരിൽ കുഷ്ഠരോഗികളെ ചികിത്സിക്കുന്ന ആശുപത്രിയിലും സമീപത്തെ കുഷ്ഠരോഗികൾ മാത്രം താമസിക്കുന്ന കോളനിയിലും നിത്യേനയെന്നോണം സാന്ത്വനങ്ങളും സഹായങ്ങളും നൽകി സന്ദർശനം നടത്തുന്നത് സ്വന്തം മനസ്സിന്റെ പ്രേരണ കൊണ്ടുമാത്രമാണ്.



## പശുവിനെ വെറുതെ വളർത്തുന്ന ഒരാൾ

ഒരാൾ ഒരു പശുവിനെ വെറുതെ വളർത്തുന്നു. തറവാട് ഭാഗം വെയ്ക്കുന്ന സമയത്ത് ആർക്കും വേണ്ടാതെ അറവുകാരന് കൊടുക്കാൻ നിർത്തിയിരുന്നു ആ പശുവിനെ. എന്നാൽ ഈ മനുഷ്യൻ പശുവിനെ താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലേക്ക് കൊണ്ടുവന്ന് ഇപ്പോഴും പോറ്റിക്കൊണ്ടിരിക്കുന്നു.ഞാങ്ങാട്ടിരി മഹർഷി വിദ്യാലയത്തിന്റെ മാനേജർ ശ്രീ. വിനയ് പോപാൽജിയാണ് ആ മനുഷ്യൻ.



## ലാകത്തിന് കുടിവെള്ളവുമായി റിയാൻ എന്ന വിദ്യാർത്ഥി

കാനഡയിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ചില്ലറത്തുട്ടുകൾ സമാഹരിച്ച് ആഫ്രിക്കൻ രാജ്യമായ ഉഗാണ്ടയിലേക്ക് കുഴൽക്കിണർ നിർമ്മിക്കാൻ അയച്ചുകൊടുത്ത റിയാൻ എന്ന കൊച്ചുബാലൻ. ലിറ്റിൽ മാസിക പരിചയപ്പെടുത്തിയ സാധാരണത്തത്തിന്റെ മഹാനുഭവങ്ങൾ...

*ലിറ്റിൽ മാസിക പരിചയപ്പെടുത്തിയ സാധാരണത്തത്തിന്റെ ചില മഹാനുഭവങ്ങൾ...*

Prepare to do small things...
subscribe to Little Masika

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.
subsribe to magazine of small things